
# ആമുഖ സന്ദേശം



പ്രിയപ്പെട്ടവരെ,

പ്രളയം കഴിഞ്ഞു, പുതിയ പ്രഭാതം വിരിഞ്ഞു. ജാതിയുടെയും മതത്തിന്റെയും പേരിൽ ഭിന്നിപ്പിൽ നിന്നവർ ഒന്നിക്കുവാൻ ഈ പ്രളയം കാരണമായി. ഒന്നു ചേർന്നു നിന്നാൽ ഒരു സർക്കാരിനു ചെയ്യാൻ കഴിയുന്നതിനെക്കാൾ നമുക്ക് ചെയ്യാൻ കഴിയുമെന്ന് നാം ലോകത്തിന് കാട്ടിക്കൊടുത്തു. നമ്മുടെ സുരക്ഷിതത്വത്തിനു നാം നിർമ്മിക്കുന്നവ യഥാർത്ഥ സുരക്ഷിതത്വം നൽകില്ലെന്ന സത്യവും നാം മനസ്സിലാക്കി. ഒന്നായ് കരംകോർത്താൽ അസാദ്ധ്യമായ് ഒന്നുമില്ലെന്ന ബോധ്യം നമുക്ക് കിട്ടി കഴിഞ്ഞു.

ജീവിതം എത്ര നീളുമെന്ന് നമുക്കാർക്കുമറിയില്ല. നൽകപ്പെട്ട സമയത്തിനുള്ളിൽ ഏൽപ്പിക്കപ്പെട്ട ജോലികൾ ഭംഗിയായ് ചെയ്തു തീർക്കാൻ പരിശ്രമിക്കാം. ജീവിതത്തിന്റെ അവസാന നാളുകളിൽ നമുക്ക് നല്ല ഓർമ്മകളുാകുവാൻ ഇന്നത്തെ സാഹചര്യങ്ങളെ ഭംഗിയായ് വിനയോഗിക്കാം. അതിനുള്ള ആത്മാവിന്റെ അഭിഷേകത്തിനായ് പ്രാർത്ഥിക്കാം.



ഏവർക്കും ജീവദായകമായ
നോമ്പുകാലത്തോടൊപ്പം
ഉത്ഥിതനായ ക്രിസ്തുവിന്റെ
ഉയിർപ്പു തിരുന്നാൾ
മംഗളങ്ങളും
നേരുന്നു.

# വചനാമൃതം



"ഉപവസിക്കുമ്പോൾ
നിങ്ങൾ സ്വന്തം
സുഖമാണു തേടുന്നത്.
നിങ്ങളുടെ വേലക്കാരെ
നിങ്ങൾ പീഡിപ്പിക്കുന്നു.
കലഹിക്കുന്നതിനും
ശണ്ഠകൂടുന്നതിനും
ക്രൂരമായി മുഷ്ടികൊണ്ട്
ഇടിക്കുന്നതിനും
മാത്രമാണ് നിങ്ങൾ ഉപ
വസിക്കുന്നത്.

നിങ്ങളുടെ സ്വരം ഉന്നതത്തിലെത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല. ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണ പോലെ തല കുനിക്കുന്നതും ചാക്കു വിരിച്ച് ചാരവും വിതറികിടക്കുന്നതും ആണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിനു സ്വീകാര്യമായ ദിവസം എന്നും വിളിക്കുക? ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിൻെറ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?"

(ഏശയ്യാ 58:1–7)

# ഉപവസിക്കുമ്പോൾ സംഭവിക്കുന്നതെന്ത്?

- ☐ നിൻെറ വെളിച്ചം പ്രഭാതംപോലെ പൊട്ടിവിരിയും;
- ☐ നീ വേഗം സുഖം പ്രാപിക്കും;
- ☐ നിൻെറ നീതി നിൻെറ മുൻപിലും കർത്താവിൻെറ മഹത്വം നിൻെറ പിൻപിലും നിന്നെ സംരക്ഷിക്കും.
- ☐ നീ പ്രാർഥിച്ചാൽ കർത്താവ് ഉത്തരമരുളും;
- ☐ നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും.
- ☐ മർദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക. വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്കു സംതൃപ്തി നൽകുകയും ചെയ്താൽ നിൻെറ പ്രകാശം അന്ധകാരത്തിൽ ഉദിക്കും.
- ☐ നിൻെറ ഇരുണ്ടവേളകൾ മധ്യാഹ്നം പോലെയാകും.
- ☐ കർത്താവ് നിന്നെ നിരന്തരം നയിക്കും;
- ☐ മരുഭൂമിയിലും നിനക്കു സമൃദ്ധി നൽകും;
- ☐ നിൻെറ അസ്ഥികളെ ബലപ്പെടുത്തും.
- ☐ നനച്ചു വളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയുംപോലെ ആകും നീ.
- ☐ നിൻെറ പുരാതന നഷ്ടശിഷ്ടങ്ങൾ പുനരുദ്ധരിക്കപ്പെടും.
- ☐ അനേകം തലമുറകളുടെ അടിസ്ഥാനം നീ പണിതുയർത്തും. പൊളിഞ്ഞമതിലുകൾ പുനരുദ്ധരിക്കുന്നവനെന്നും ഭവനങ്ങൾക്കു കേടുപോക്കുന്നവനെന്നും നീ വിളിക്കപ്പെടും.
- ☐ സാബത്തിനെ ചവിട്ടിമെതിക്കുന്നതിൽനിന്നും എൻെറ വിശുദ്ധ ദിവസത്തിൽ നിൻെറ ഇഷ്ടം അനുവർത്തിക്കുന്നതിൽ നിന്നും നീ പിന്തിരിയുക; സാബത്തിനെ സന്തോഷദായകവും കർത്താവിൻെറ വിശുദ്ധദിനത്തെ ബഹുമാന്യവുമായി കണക്കാക്കുക. നിൻെറ സ്വന്തം വഴിയിലൂടെ നടക്കാതെയും നിൻെറ താത്പര്യങ്ങൾ അന്വേഷിക്കാതെയും വ്യർഥഭാഷണ ത്തിലേർപ്പെടാതെയും അതിനെ ആദരിക്കുക. അപ്പോൾ നീ കർത്താവിൽ ആനന്ദം കണ്ടെത്തും.
- ☐ ലോകത്തിലെ ഉന്നതസ്ഥാനങ്ങളിലൂടെ നിന്നെ ഞാൻ സവാരിചെയ്യിക്കും.
- ☐ നിൻെറ പിതാവായ യാക്കോബിൻെറ ഓഹരികൊണ്ട് നിന്നെ ഞാൻ പരിപാലിക്കും.

**കർത്താവാണ് ഇത് അരുളിച്ചെയ്തിരിക്കുന്നത്.**

(ഏശയ്യാ 58:8–14)

# അരുത്, മറക്കരുത്!

തൊഴിച്ച വയറും കുടിച്ച പാലും
ഇരുന്ന എളിയും നടന്ന വഴിയും
ജനിച്ച വീടും പഠിച്ച സ്കൂളും
തിന്ന ചോറും തന്ന കൈയ്യും
കുളിച്ച പുഴയും കളിച്ച കൂട്ടും
ചിരിച്ച മുഖവും നമിച്ച ശിരസ്സും

## മറക്കരുത്!





കൊടുത്ത സ്നേഹം തിരിച്ചു വാങ്ങരുത്! പശിച്ച വയറിന് പിശുക്ക് നൽകരുത്! ശഠിച്ചതെല്ലാം പിടിച്ച് വാങ്ങരുത്! കേട്ടതൊക്കെയും സത്യമാക്കരുത്! നരച്ച മുടിയോട് അറപ്പ് തോന്നരുത്! പൊഴിഞ്ഞതെല്ലാം പഴുത്തതാവില്ല! മുട്ടോളം വെള്ളത്തിൽ മുങ്ങരുതൊരിക്കലും! നിലത്ത് വീണത് പെറുക്കിയെടുക്കണം! ക്ഷണിച്ചതാണേൽ പോകണം! പിണഞ്ഞ കെട്ടുകൾ പതിയെ അഴിക്കണം! പലതുമാകാം പക്ഷേ പകരമാവില്ല! നിനച്ചതൊക്കെ നേടിയെങ്കിൽ തനിച്ചതല്ലെന്നോർക്കണം! നാളെ കാണാമെന്ന് വേണ്ടാ നാളെയുണ്ടെങ്കിലെന്നാകാം! തനിച്ച് വന്ന നാം തിരിച്ച് പോകുമ്പോൾ കൂടെ ശയിച്ചവരും കൂട്ടിനുണ്ടാകില്ല.

## ചിന്താക്കുഴപ്പം X കുഴപ്പചിന്ത

A mother can easily maintain six children, but why is it difficult for six children to maintain a mother?

ഒരമ്മയ്ക്കാറു മക്കളെ പോറ്റാം... പക്ഷേ ആറു മക്കൾക്കെന്താ ഒരമ്മയെപ്പോറ്റാനാവാത്തത്?

# വിശുദ്ധ ബൈബിൾ




ആദ്യമായി അച്ചടിക്കപ്പെട്ട പുസ്തകം, ലോകത്ത് ഏറ്റവും അധികമാളുകൾ വായിച്ച പുസ്തകം, ഏറ്റവും കൂടുതൽ പ്രാദേശിക ഭാഷകളിലേക്ക് തർജ്ജമചെയ്യപ്പെട്ട പുസ്തകം, ലോകത്തിലെ പുസ്തക കമ്പനികളുടെ ബെസ്ററ് സെല്ലറായ പുസ്തകം, ലോകമിന്നും ആവേശത്തോടെ ആർത്തിയോടെ വായിച്ചു കൊണ്ടിരിക്കുന്ന പുസ്തകം. 73 പുസ്തകങ്ങൾ, 60 എഴുത്തുക്കാർ, 1500 വർഷങ്ങൾ എടുത്ത് എഴുതിപൂർത്തിയാക്കിയ പുസ്തകം, ഈ 60 എഴുത്തുകാരും നാല് ഭൂഖണ്ഡങ്ങളിൽ ജീവിച്ചവർ, പരസ്പരം കണ്ടിട്ടില്ലാത്തവർ, പരസ്പരം ആശയം കൈമാറാത്തവർ, ഒരാൾ എഴുതുന്നത് മറ്റേയാൾക്ക് അറിയാത്തവിധം അകലംകൊണ്ട് അകറ്റി നിർത്തപ്പെട്ടവർ...

ഉൽപത്തി മുതൽ വെളിപാട് വരെയുള്ള 73 പുസ്തകങ്ങൾ എഴുതിപൂർത്തിയാക്കി തുന്നിക്കെട്ടി ഒരൊറ്റ ഗ്രന്ഥമായി കയ്യിൽ വച്ച് തന്നിട്ട് വായിച്ചാൽ ഉൽപത്തിൽ പറഞ്ഞതിന് വെളിപാടിൽ മറുപടി, ഉത്പത്തിയിൽ പറയാതെവെച്ചത് വെളിപാടിൽ പൂർത്തിയാക്കപ്പെടുന്നു. കാരണം അത് എഴുതിയത് മനുഷ്യരല്ല പരിശുദ്ധാത്മാവാണ്. ലോകചരിത്രത്തിൽ ഇങ്ങനെയൊരു പുസ്തകം വേറെ എഴുതപ്പെട്ടിട്ടില്ല, ഇനി എഴുതാനും പോകുന്നില്ല. ജീവിച്ചിരിക്കുന്ന, മരിച്ചിട്ടും കല്ലറ പൊട്ടിച്ചുയർത്തെഴുന്നേറ്റ, സ്വർഗീയ പിതാവിന്റെ വലതുഭാഗത്തിരുന്ന് ഇന്നും മാധ്യസ്ഥം വഹിക്കുന്ന, മഹത്വത്തിന്റെ വാനമേഘങ്ങളിൽ കാഹളം മുഴങ്ങുന്ന നേരം വീണ്ടും വരുമെന്ന് പറഞ്ഞ, വീണ്ടും വരാൻ പോകുന്ന യേശുക്രിസ്തു എന്ന ഒരു വ്യക്തിയിലാണ് ഈ പുസ്തകം യാത്ര ചെയ്യുന്നതും എത്തി നിൽക്കുന്നതും അവസാനിക്കുന്നതും.



**“ഈ പുസ്തകം വായിക്കാതെ മരിച്ച് പോവുകയെന്നത് ജീവിതത്തിലെ ഏറ്റവും വലിയ ദൗർഭാഗ്യമാണ്”**

Fr. Daniel Poovannathil

# അപകടകരമായ ചില ആദ്ധ്യാത്മികതകളും കേരളസഭയ്ക്കുള്ള തിരുത്തുകളും

ബിഷപ് ജോസഫ് പാംപ്ലാനി, സത്യദീപം

ആദ്ധ്യാത്മികതയെന്നാൽ എന്തെന്നും ആധുനിക കാലത്തെ ആദ്ധ്യാത്മികതയ്ക്കു വേണ്ട സവിശേഷതകൾ ഏതൊക്കെയെന്നും സ്ഥാപിക്കാനാണ് ഫ്രാൻസിസ് മാർപാപ്പ പുറത്തിറക്കിയ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന പ്രബോധനരേഖയിൽ ശ്രദ്ധവയ്ക്കുന്നത്. ദൈവശാസ്ത്രത്തിനു കുറേക്കൂടി പരിസരബോധവും താഴെത്തട്ടിൽ നിന്നുള്ള സമീപനങ്ങളും ആവശ്യമുണ്ടെന്ന ഫ്രാൻസിസ് പാപ്പായുടെ ശൈലി ഇവിടെ പ്രകടമാണ്.

സഭയെ സകല നൻമകളും സൗഭാഗ്യങ്ങളും നിറഞ്ഞ ഒരു തുരുത്തായും ചുറ്റുമുള്ള ലോകത്തെ മുഴുവനും പാപപങ്കിലമായ കടലായും ചിത്രീകരിക്കുന്ന ഒരു ആദ്ധ്യാത്മികതയെയാണ് പാപ്പ ഇവിടെ പൊളിച്ചെഴുതാൻ ശ്രമിക്കുന്നത്. സഭ ലോകത്തിൽ നിന്നു വേറിട്ടു നില്ക്കുന്നൊരു ആദ്ധ്യാത്മികതയല്ല, ലോകത്തിൽ ജീവിച്ച് ലോകത്തെ വിശുദ്ധീകരിക്കേണ്ട ഒരു ആദ്ധ്യാത്മികതയാണ്. സുവിശേഷത്തിൽ പറയുന്നതുപോലെ മുഴുവൻ മാവിനേയും പുളിപ്പിക്കുന്ന പുളിമാവ് എന്ന സഭാദർശനമാണ് പരി. പിതാവ് ഇവിടെ ഊന്നി പറയുന്നത്.

മാർപാപ്പ അവതരിപ്പിക്കുന്ന മറ്റൊരു സുപ്രധാനമായ ചിന്ത തൊട്ടടുത്ത മുറിയിലെ വിശുദ്ധൻ എന്നതാണ്. അതൊരു പദപ്രയോഗമല്ല, ആഴമേറിയ ആദ്ധ്യാത്മിക ദർശനമാണ്. അപ്രമാദിത്വമുള്ള മാർപാപ്പയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവു തന്നെയാണ് ഏറ്റവും താഴേത്തട്ടിലുള്ള ഒരു സാധാരണ വിശ്വാസിയിലും പ്രവർത്തിക്കുന്നതെന്ന തിരിച്ചറിവാണ്, മറ്റുള്ളവരെ ശ്രവിക്കുകയും അവരുടെ അഭിപ്രായം തേടുമ്പോഴും നാം ശരിക്കും പരിശുദ്ധാത്മാവിനാണ് ചെവികൊടുക്കുന്നതെന്ന അവബോധം തരുന്നു. അതാണ് ആദ്ധ്യാത്മികതയുടെ ആദ്യലക്ഷണമെന്നും അപരനോടുള്ള ആദരവാണ് ആദ്ധ്യാത്മികത എന്നുമുള്ള പഠനം പരി. പിതാവിന്റെ ഈ പ്രബോധനത്തിന്റെ നട്ടെല്ലാണ് എന്നു പറയാം.

ഈ പ്രബോധനം രണ്ടു തരം പാഷണ്ഡതകളെ അവതരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ആധുനിക ജ്ഞാനവാദവും പെലാജിയനിസവും. എല്ലാ അറിവും എനിക്കുണ്ട്, എന്റെ ബുദ്ധിയും കഴിവും പര്യാപ്തമാണ്, അപരന്റെ സഹായമോ കൂടിയാലോചനകളോ എനിക്കാവശ്യമില്ല എന്ന ബൗദ്ധിക ഏകാധിപത്യത്തെയാണ് ആധുനിക ജ്ഞാനവാദം. അജപാലകർ സഭയെക്കുറിച്ച് എല്ലാം അറിയാവുന്നവരും പണ്ഡിതരും, വെള്ളം കോരാനും വിറകുവെട്ടാനും ഒന്നുമറിയാത്ത കുറേ അല്മായർ എന്ന ചിന്താഗതി തിരുത്തണം.

ആധുനിക പെലാജിയനിസം എന്നത് ദൈവകൃപ അപ്രസക്തമാണെന്ന ചിന്തയാണ്. സഭയെ നയിക്കുന്നത് നമ്മളോരോരുത്തരുമാണ്, നമ്മുടെ ബുദ്ധി, കണക്കുകൂട്ടൽ, തന്ത്രപൂർവ്വമായ നീക്കങ്ങൾ, ശക്തമായ പ്രതിരോധങ്ങൾ, അണികളുടെ പിൻബലം, എന്നിവയെല്ലാം സഭയെന്ന ചിന്തവെടിയെണം. തിരുസഭ മിശിഹായുടെ വരപ്രസാദം ആയതുകൊണ്ട്, സഭയെ നയിക്കുന്നത് ക്രിസ്തുവായതുകൊണ്ട്, ക്രിസ്തുവിന്റെ ശരീരമാണ് സഭയെന്ന ബോദ്ധ്യം വേണമെന്നു മാർപാപ്പ പറയുന്നു.


ഇനി രണ്ടു തരം തെറ്റുകളെ കുറിച്ചും മാർപാപ്പ സൂചന നല്കുന്നുണ്ട്. ക്രിസ്തുവിൽ നിന്നു വേർപെടുത്തിയ കുറെ ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യുന്നവരാണ് നമ്മളെന്ന ധാരണയുണ്ട്. ഞങ്ങളാണ് ഏറ്റവും കൂടുതൽ അനാഥശാലകളും വിദ്യാഭ്യാസപ്രവർത്തനങ്ങളും നടത്തുന്നതെന്നു പറയുന്നു. ഇപ്രകാരം കുറെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ആകെത്തുകയായി സഭയെ നിർവചിക്കാനുള്ള ആദ്ധ്യാത്മികതയിലെ അപചയമായ വ്യഗ്രതയുണ്ട്. മറിച്ച് നമ്മൾ പറയുന്നതും ചെയ്യുന്നതുമെല്ലാം ഈശോമിശിഹായെ പ്രതിയാണ്. മദർ തെരേസായുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഈശോമിശിഹായോടുള്ള സ്നേഹത്തെ പ്രതിയാണ് ചെയ്തതെന്നും തന്നിലെ രക്ഷകനായ ഈശോമിശിഹായുടെ സാക്ഷ്യമായിട്ടാണെന്നും പറയാനുള്ള ആർജവത്വം വേണം. നമ്മൾ ചെയ്യുന്നതു മാത്രമേ നൻമയുള്ളൂ, അപരന്റെ നൻമകളെല്ലാം ആപേക്ഷികതയുടെ കറപുരണ്ടതാണ്, സ്വാർത്ഥലക്ഷ്യങ്ങളോടെയുള്ളതാണെന്നു പറഞ്ഞ് ഇതരമതസ്ഥരോ സംഘടനകളോ നിരീശ്വരവാദികളോ ഒക്കെ ചെയ്യുന്ന നൻമകളെ ഇകഴ്ത്താനോ താറടിക്കാനോ ആക്ഷേപിക്കാനോയുള്ള വ്യഗ്രതയും ആദ്ധ്യാത്മികതയിലെ അപചയമാണെന്നു മാർപാപ്പ സൂചിപ്പിക്കുന്നു.

ഏതു സമൂഹവും നിലനില്ക്കുന്നതിനുള്ള, ആദ്ധ്യാത്മികതയിലെ ചില വിശുദ്ധ സങ്കൽപങ്ങൾ (ഹോളിനെസ് കോഡ്) ഉണ്ട്. ഉദാഹരണത്തിന്, ഒരു കുടുംബം നിലനില്ക്കുന്നതിൽ ആങ്ങളയും പെങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ഒരു വിശുദ്ധ സങ്കല്പമുണ്ട്. അവരുടെയിടയിൽ അശുദ്ധിയെക്കുറിച്ചുള്ള ചിന്ത കടന്നുവന്നാൽ പിന്നെ കുടുംബമില്ല. സഭയെന്ന സമൂഹത്തിന്റെ വിശുദ്ധസങ്കല്പമാണ് പൗരോഹിത്യം. കൂദാശകൾ രക്ഷാകരമാണെന്നത് മറ്റൊന്ന്. ഈ സങ്കല്പങ്ങളെ തകർക്കാൻ ബോധപൂർവ്വകമായ ശ്രമം നടക്കുന്നു. അതിനാണ് കുമ്പസാരമെന്ന കൂദാശയ്ക്കെതിരായ ചർച്ചകൾ. കുമ്പസാരത്തെ നിരോധിക്കുന്നതിനേക്കാൾ എളുപ്പം ക്രിസ്തുമതത്തെ നിരോധിക്കുന്നതാണെന്നു നമുക്കറിയാം. അത് വളർന്നു വരുന്ന കൗമാരക്കാരുടേയും യുവജനങ്ങളുടേയും മനസ്സിൽ സംശയത്തിന്റെ പുകമറകൾ സൃഷ്ടിക്കുന്നുണ്ട്.

മറ്റൊന്ന് ആദ്ധ്യാത്മികമായ ദുഷിക്കലിനെ കുറിച്ച് മാർപാപ്പ നടത്തുന്ന പഠനമാണ്. ദാവീദിന്റേയും സോളമന്റേയും കഥയാണ് പാപ്പ പറയുന്നത്. ദാവീദ് കൊടിയ പാപം ചെയ്തവനാണ്. സോളമനെക്കുറിച്ച് 'ഇന്ന' പാപം എന്ന് എടുത്തുപറയാനില്ലെങ്കിലും സാവകാശം പാപത്തിന്റെ പടുകുഴിയിൽ ചെന്നു വീഴുകയാണ്. പാപം ചെയ്തവൻ അനുതപിച്ചു മാനസാന്തരപ്പെടാനുള്ള സാദ്ധ്യതയുണ്ട്. അതേസമയം സോളമനെപോലെ ക്രമാനുഗതമായ ആത്മീയ ദുഷിക്കലിനു പരിഹാരമില്ലാത്ത സാഹചര്യം വരും. സമൂഹത്തിലെ ഒരുപാടു മേഖലകളിൽ സഭ ഇടപെടുന്നതിലൂടെ ആത്മീയ ദുഷിക്കലിനു വിധേയമാകുന്നുവോ? സ്ഥാപനങ്ങളുടെ നടത്തിപ്പിലാകാം, ജോലിക്കാരോടുള്ള സമീപനങ്ങളിലാകാം, സാമൂഹ്യവിഷയങ്ങളിലെ നിലപാടുകളിലാകാം, പരിസ്ഥിതി പ്രശ്നങ്ങളിലെ സമീപനങ്ങളിലാകാം, ഈ ആത്മശോധനയുടെ കുറവ് കേരളസഭയിലുണ്ടെന്നു പറഞ്ഞാൽ അതിൽ തെറ്റില്ല. അതാണ് സോളമൻ സിൻഡ്രോം (Solomon Syndrome). സോളമൻ സിൻഡ്രമെന്നു മനശ്ശാസ്ത്രം പറയുന്നത് ഏറ്റവും നന്നായിരുന്നിട്ടും അവസാനം സർവ്വനാശത്തിലെത്തുക എന്നതാണ്. സോളമന് ഏറ്റവും ബുദ്ധിമാനും അറിവുള്ളവനും സമ്പന്നനും സുന്ദരനും ഒക്കെയായിരുന്നിട്ടും സോളമനു ശേഷം ഇസ്രായേൽ നശിച്ചു പോയി. സമാനമായ ഒരവസ്ഥയിൽ, എല്ലാം അനുകൂലമായിരുന്നിട്ടും കേരളസഭ ഈ ആദ്ധ്യാത്മിക ദുഷിക്കലിനു വിധേയമാകുന്നുണ്ടോ എന്ന ആത്മശോധനയുടെ പ്രസക്തി പരി. പിതാവ് ചൂണ്ടിക്കാണിക്കുന്നു.

'ഫരേസിയ' എന്ന ഗ്രീക്ക് പദം ഉപയോഗിച്ചുകൊണ്ട് ധീരമായ സാക്ഷ്യത്തിന്റെ കുറവ് നമുക്കുണ്ടെന്ന് പാപ്പ ചൂണ്ടിക്കാണിക്കുന്നു. ആരേയും പിണക്കാതെ നില്ക്കുന്ന നയതന്ത്രജ്ഞത സഭയിൽ കടന്നുകൂടുകയും തത്ഫലമായി സുവിശേഷത്തേക്കാളും നമുക്കു പ്രതിബദ്ധത നമ്മൾ പടുത്തുയർത്തുന്ന സംവിധാനങ്ങളോടാണോയെന്ന മാർപാപ്പയുടെ ചോദ്യം നമ്മൾ ഗൗരവമായി ട്ടെടുക്കണം.

പരി. പിതാവ് ഉന്നയിക്കുന്ന മറ്റൊരു പ്രധാന വിഷയം ദൈവശാസ്ത്രപരമായ രാഷ്ട്രീയമാണ്. ചില കാര്യങ്ങളിൽ നമുക്ക് അമിത ആവേശവും തീക്ഷ്ണതയുമുള്ളപ്പോഴും മറ്റു ചില കാര്യങ്ങളെ വളരെ നിസ്സാരവത്കരിച്ചു കാണുന്നു. ഗർഭനിരോധനമാർഗങ്ങൾ, ഗർഭച്ഛിദ്രം, സന്താനനിയന്ത്രണം തുടങ്ങിയ വിഷയങ്ങളിൽ സഭ അതീവ കാർക്കശ്യത്തോടെ സംസാരിക്കുന്നു; എന്നാൽ ജനിച്ച കുഞ്ഞുങ്ങൾ കഞ്ഞി കുടിക്കാനില്ലാതെ കഷ്ടപ്പെടുന്നതും, ഇതര സംസ്ഥാന തൊഴിലാളികൾ ഇവിടെ മനുഷ്യത്വരഹിതമായ സാഹചര്യങ്ങളിൽ ജീവിക്കുന്നതും, കുടിയേറ്റ ജനതയുടെ പ്രശ്നവും ലാഘവമനോഭാവം സൂക്ഷിക്കുകയും ചെയ്യുന്നു. ഈ ദൈവശാസ്ത്രപരമായ ഒരുതരം രാഷ്ട്രീയം അപകടകരമായ ആദ്ധ്യാത്മികതയാണ്.



ആത്മീയതയുടെ നിരന്തര പരിശ്രമ സ്വഭാവത്തെ കുറിച്ചും മാർപാപ്പ പറയുന്നു. ധ്യാനം കൂടി ഒരാൾ നന്നായാൽ അതിൽ ഒരു തുടക്കമേയുള്ളൂ. അവൻ പെട്ടെന്ന് വചനപ്രഘോഷകനും ധ്യാനഗുരുവും ആത്മീയപിതാവുമായി അവതരിക്കരുത്. ആ വ്യക്തി പുതിയ സൃഷ്ടിയായി മാറിയെങ്കിലും ഇനിയും വളരാനുണ്ട്. നിരന്തരമായ വളർച്ചയിൽ അദ്ദേഹത്തെ അനുയാത്ര ചെയ്യേണ്ട ഉത്തരവാദിത്വം സഭയ്ക്കുണ്ട്.

ആത്മീയതയ്ക്ക് ഒരു സാമൂഹ്യമാനവും ഉണ്ടെന്നു പാപ്പ വ്യക്തമാക്കുന്നു. ഇന്നു നമുക്കു വേണ്ടത് ചുറ്റുവട്ടങ്ങളോട് സംവദിക്കാൻ കഴിയുന്ന, അപരന്റെ സങ്കടങ്ങളെ ഗൗരവമായെ ടുക്കുന്ന, അപരനോട് ഒത്തുജീവിക്കാൻ കഴിയുന്ന ഒരാദ്ധ്യാത്മികതയാണ്. അതല്ലാതാകുമ്പോൾ സഭ ഒരുതരം മൗലികവാദത്തിലേയ്ക്കു നീങ്ങുകയാണ്. വിശ്വാസത്തിന്റെ അടി സ്ഥാനങ്ങളെ ബലികൊടുക്കണമെന്നല്ല പാപ്പ ഉദ്ദേശിക്കുന്നത്. മറിച്ച്, ചില ആദാനപ്രദാന പ്രക്രിയകൾ വിശ്വാസത്തിലുണ്ട് എന്നതു നാം തിരിച്ചറിയേതുണ്ട്.


സാമൂഹികമാനം എന്നത് ഇതരമതങ്ങളുമായി മാത്രമല്ല. നമ്മുടെ ഒപ്പം ജീവിക്കുന്ന മനുഷ്യർ നമ്മളെ എങ്ങനെ വിലയിരുത്തുന്നു എന്നത് പ്രധാനപ്പെട്ട ആശയമാണ്. ഒരു വൈദികകൂട്ടായ്മയുടെ എല്ലാ അംഗങ്ങളും ഒരേ മനസ്സോടെ ചിന്തിക്കുമ്പോൾ അതിൽ ആദ്ധ്യാത്മികതയുണ്ടെന്നു നാം തിരിച്ചറിയണം. കേരളസഭയിൽ അടുത്ത കാലത്തുണ്ടായ വിവാദങ്ങളിൽ പലതിനേയും പരിശോധിച്ചാൽ ഭിന്നിക്കപ്പെട്ട പുരോഹിതസമൂഹമോ, സന്യാസസമൂഹമോ, അല്മായ സമൂഹമോ ഉണ്ടെന്നത് ഗൗരവമായി മനസ്സിലാക്കാം. അന്തഃച്ഛിദ്രം സഭയെ ദുർബലമാക്കും തകർക്കും.

വ്യത്യസ്തതകളെ വ്യത്യസ്തതകളായി അംഗീകരിക്കുന്നത് ആത്മീയത തന്നെയാണ്. എല്ലാ കാലത്തും എല്ലാ മനുഷ്യർക്കും എല്ലാ സാഹചര്യത്തിലും ഒരുപോലെ ബാധകമായ ഒരു നിയമമുണ്ട് എന്ന സങ്കല്പത്തിൽ നിന്നുകൊണ്ടാണ് നാം പലപ്പോഴും കലഹിക്കുന്നത്. വ്യത്യസ്തതകൾ കൂട്ടായ്മയുടെ ഭാഗം തന്നെയാണെന്നു തിരിച്ചറിയാനുള്ള കഴിവാണ് ഈ സാമൂഹ്യമാനത്തെ ഊന്നിപ്പറയാൻ സഹായകരമാകുന്നത്.

*(കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ദൈവശാസ്ത്രജ്ഞരുടെ സമ്മേളനത്തിനിടെ നടത്തിയ അഭിമുഖത്തെ ആസ്പദമാക്കി സബ് എഡിറ്റർ ഷിജു ആച്ചാണ്ടി തയ്യാറാക്കിയത്)*


# തീക്കളി

അഞ്ച് കളങ്ങളായി വച്ചിരിക്കുന്ന ഈ തീപ്പെട്ടിക്കൊള്ളികളിൽ രണ്ടെണ്ണം മാറ്റി വച്ച് നാല് കളങ്ങളാക്കാമോ?





ഒഴിഞ്ഞു കിടക്കുന്ന കളങ്ങളിലെ സംഖ്യ കണ്ടുപിടിക്കാമോ?





ഈ കളങ്ങളിലെ സംഖ്യകൾ കൂട്ടിയാൽ പുറത്തുള്ള സംഖ്യ കിട്ടും.

ഉദാഹരണം തന്നിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.


## ഈ ഉത്തരം എങ്ങനെ കിട്ടി?

| | |
|---|---|
| 7 + 3 = 41021 | 7 + 4 = .............. |
| 8 + .... = 51124 | 5 + .... = 3710 |
| 5 + 4 = 1920 | 13 + 6 = 71978 |
| .... + 6 = 31554 | 17 + .... = 925136 |

ഇതിൽ എത്ര ത്രികോണങ്ങളുണ്ടെന്നു പറയാമോ?



ഉത്തരങ്ങൾ 39–ാം പേജിൽ



അടുത്ത ചിത്രം എന്തായിരിക്കും?

# ദൈവവചനം Cross WORD

**ദൈവവചനം വായിക്കാനും പഠിക്കാനുമുള്ള എളുപ്പവഴി ഇതാ! കൂടാതെ സമ്മാനവും നേടൂ. താഴെ തന്നിരിക്കുന്ന ബൈബിൾ ഭാഗത്തുനിന്നും ഉചിതമായ വാക്ക് (നാമപദങ്ങൾ മാത്രം) കണ്ടെത്തി കളങ്ങൾ പൂരിപ്പിക്കുക. പി. ഒ. സി. ബൈബിളാണ് ഉപയോഗിക്കേണ്ടത്. ശരിയുത്തരങ്ങൾ ഏപ്രിൽ 10ന് മുമ്പായി അയച്ചുതരുമല്ലോ. ഒന്നിലധികം ശരിയുത്തരമുണ്ടെങ്കിൽ കുറിയിട്ട് സമ്മാനർഹരെ കണ്ടെത്തും.**

### വലത്തോട്ട്

1. 2 ദിന 1:1 (4)
5. 2 യോഹ. 1:1 (5)
11. ഉത്പ 7:17 (4)
30. ഉത്പ 37:14 (3 അക്ഷരം) (ഉദാഹരണം)
38. സഭ 9:14 (2)
40. എസ്തേ 14:13 (4)
49. പ്രഭാ 40:5 (4)
53. ഏശ 5:14 (3)
57. 1 മക്ക 14:7 (5)
66. സങ്കീ 119:24 (3)

### ഇടത്തോട്ട്

23. പുറ 3:3 (4)
46. അപ്പ 18:24 (4)
63. പുറ 35:25 (3)
72. തോബി 13:14 (5)

### മുകളിലോട്ട്

33. 2 മക്ക 12:39 (3)
47. ലൂക്കാ 14:21 (5)
73. എസ്തേ 9:12 (3)
74. ജോയേ 3:10 (3)


### താഴോട്ട്

1. മത്താ 6:8 (3)
5. യോഹ 16:7 (5)
6. ലൂക്കാ 12:56 (6)
7. 2 മക്ക 14:14 (3)
18. മർക്കോ 8:11 (5)
31. മത്താ 27:28 (2)
38. യോഹ 8:35 (3)
50. ഉത്പ 49:21 (3)

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| 30 വി | 31 വ | 32 രം | | 33 | 34 | 35 | | 36 | 37 |
| 38 | 39 | 40 | 41 | 42 | 43 | 44 | 45 | 46 | 47 |
| 48 | 49 | 50 | 51 | 52 | | | 53 | 54 | 55 |
| 56 | 57 | 58 | 59 | 60 | 61 | 62 | 63 | 64 | 65 |
| 66 | 67 | 68 | 69 | 70 | 71 | 72 | | 73 | 74 |

പേര് ........................................ ഫോൺ നം. ........................................

# നിറം കൊടുക്കാമോ?



കറുത്ത പുള്ളിയുള്ള എല്ലാ കളങ്ങളിലും
കറുത്ത നിറം കൊടുത്ത് ഒളിച്ചിരിക്കുന്നതാരാണെന്ന്
കണ്ടുപിടിക്കാമോ?

# ഒരു കത്ത്

സ്നേഹം നിറഞ്ഞ ചേച്ചി സിസ്റ്റർ ലൂസി,

FCC-യിൽ സിസ്റ്ററിന്റെ അനുജത്തിയാണ് ഞാൻ. ചേച്ചിയെപോലെ ഞാനും ഒരു എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപികയാണ്. ഞാനും ഡ്രൈവിംഗ് പഠിക്കാൻ അനുവാദം ചോദിച്ചിട്ടുണ്ട് കിട്ടിയില്ല, കമ്പ്യൂട്ടർ പഠിക്കാൻ ചോദിച്ചു അനുവാദം ലഭിച്ചില്ല; ഇതൊക്കെയൊരു അഞ്ചക്ക ശമ്പളം ലഭിക്കുന്ന ഒരു അദ്ധ്യാപികയ്ക്ക് അടിസ്ഥാനപരമായി അനുവദിക്കപ്പെടേണ്ട കാര്യങ്ങളാണെന്ന് ലോകം നമ്മോട് പറയും. ചേച്ചി, ഞാൻ ചിന്തിച്ചത് ഇങ്ങനെയാണ്... SSLC കഴിഞ്ഞ് FCC-യിൽ ചേർന്ന എന്നെ ഞാൻ പറഞ്ഞിട്ടല്ല MSc BEd, MEd ഒക്കെ പഠിപ്പിച്ചത്. ഞാൻ ചോദിച്ചിട്ടല്ല എന്നെ ഒരു എയ്ഡഡ് സ്കൂളിൽ HSS അദ്ധ്യാപികയായി നിയമിച്ചത്.

നമുക്കെന്താണ് വേണ്ടതെന്നു ദൈവം വെളിപ്പെടുത്തി തരുമെന്നല്ലേ നമ്മൾ പഠിച്ചിരിക്കുന്നത്. പ്രിയപ്പെട്ട ചേച്ചി FCC യുടെ, സന്യാസ ജീവിതത്തിന്റെ മഹത്വം ഒരുവേള മറന്നുപോയോ? ക്രിസ്തുവിന്റെ സ്നേഹം തിരിച്ചറിഞ്ഞപ്പോൾ പട്ടുവസ്ത്രങ്ങളും, സ്ഥാനമാനങ്ങളും, പിതൃസ്വത്തും വീടുമുപേക്ഷിച്ച് ചാക്ക്‌വസ്ത്രവും അരയിൽ ഒരു കയറുംകെട്ടി ഭിക്ഷയാചിച്ചു നടന്ന രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന നമ്മുടെ പിതാവ് വി. ഫ്രാൻസിസ് അസ്സീസിയുടെ മകളാണ് ചേച്ചിയെന്ന് മറന്നുപോയോ? ചേച്ചീ, നമ്മുടെ അമ്മ വി. ക്ലാര, സന്യാസത്തെ ആശ്ലേഷിക്കുവാൻ കൊട്ടാരം വിട്ടിറങ്ങി, സ്ഥാനമാനങ്ങളും അധികാരങ്ങളും, ആഡംബരങ്ങളും ഉച്ഛിഷ്ടംപോലെ ഉപേക്ഷിച്ചു ദരിദ്രനും വിനീതനും ക്രൂശിതനുമായ ക്രിസ്തുവിന്റെ മണവാട്ടിയായി ജീവിച്ചവൾ. ഈ ചൈതന്യം അനുസരിച്ചു ജീവിക്കാനല്ലേ നമ്മൾ FCC യിൽ ചേർന്ന് സ്വതന്ത്ര മനസോടും പൂർണ സമ്മതത്തോടും പരപ്രേരണ കൂടാതെയും ദൈവത്തോട് വ്രതവാഗ്ദാനം നടത്തിയത്. ഇതൊക്ക ചേച്ചി ബോധപൂർവം മറക്കുകയാണോ?

ലോകം മുഴുവൻ ആശ്ലേഷിക്കുന്ന ഈ ഫ്രാൻസിസ്കൻ ചൈതന്യം ജീവിച്ചല്ലേ സഹനപുത്രി അൽഫോൻസാമ്മ FCC യുടെ അഭിമാനമായത്, വാഴ്ത്തപ്പെട്ട സി. റാണി മരിയ പിടഞ്ഞു പിടഞ്ഞു മരിക്കുമ്പോഴും നെഞ്ചോട് ചേർത്ത്പിടിച്ചു FCC യിലെ ആദ്യ രക്തസാക്ഷിയായത്. നേടാൻ സാധിക്കുമായിരുന്നത് എല്ലാം നഷ്ടപ്പെടുത്തുമ്പോൾ അനുഭവിക്കുന്ന ആത്മീയതയെ ആശ്ലേഷിക്കുവാനല്ലേ നമ്മൾ അന്ന് വീടിന്റെ പടി ഇറങ്ങിപ്പോന്നത്.

ക്രിസ്തുവിന്റെ മണവാട്ടിയാകുന്നവർ കുരിശിന്റെ മറുപുറത്തു തറയ്ക്കപ്പെടുവാൻ അവകാശം ലഭിച്ചവരാണെന്ന് ലോകത്തിനു മനസിലാക്കാൻ പറ്റാത്ത ഈ ആത്മീയ രഹസ്യം മനസിലാക്കിയല്ലേ നമ്മൾ ഈ തിരുവസ്ത്രം അണിഞ്ഞത്...



നമ്മുടെ FCC കുടുംബത്തിലെ 7033 പേരും അവരുടെ കുടുംബാംഗങ്ങളുമാകുന്ന ലക്ഷക്കണക്കിന് സഹോദരങ്ങൾ ചേച്ചിക്കു വേണ്ടി പ്രാർത്ഥനയോടെ കാത്തിരിക്കുന്നു. 131 വർഷമായി നമ്മുടെ FCC കുടുംബം ഈ ഭാരതത്തിൽ അഭിമാനത്തോടെ ജീവിക്കുന്നു. പ്രിയപ്പെട്ട ചേച്ചീ, തെറ്റുകൾ മാനുഷികമാണ്, തിരുത്തുന്നത് ദൈവീകവും. ആർക്കാണ് തെറ്റുപറ്റിയത് എന്ന് ചേച്ചിയുടെ മനഃസാക്ഷിക്കും സന്യാസത്തെ സ്നേഹിക്കുന്ന എല്ലാവർക്കും അറിയാം. ആലുവയിലെ നമ്മുടെ അമ്മ വീട്ടിൽ കണ്ണീരോടെ കാത്തിരുപ്പുണ്ട്, നമ്മുടെ ആൻ ജോസഫ് അമ്മ... എന്റേയും ചേച്ചിയുടെയും അമ്മ... ഒരു മകൾ അകന്നുപോകുമ്പോഴുള്ള സങ്കടം ഉള്ളിൽപേറി ലോകത്തിന്റെ (ലൗകീകരുടെ) മുഴുവൻ ആക്ഷേപം സഹിക്കുന്ന ഒരു അമ്മയും ഞങ്ങൾ 7033 സഹോദരിമാരും... നല്ലൊരു സന്യാസിനിയായി FCC സിസ്റ്ററായി ചേച്ചി വേഗം തിരിച്ചു വരിക...

സ്നേഹപൂർവ്വം, സിസ്റ്റർ ഹെലൻ FCC

(കണ്ണൂർ ജില്ലയിലെ തേർത്തല്ലി, മേരിഗിരി HSSൽ അദ്ധ്യാപിക ആയി സേവനം ചെയ്യുന്ന ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ (FCC) സന്യാസിനി സിസ്റ്റർ ഹെലൻ, സിസ്റ്റർ ലൂസി കളപ്പുരയ്ക്ക് എഴുതിയ ഹൃദയസ്പർശിയായ കത്തിന്റെ സംക്ഷിപ്ത രൂപം.)

***************************************




## അതിപ്രധാനമായ കൽപന

"നീ നിൻെറ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കുക. ഇതാണ് പ്രധാനവും പ്രഥമവുമായ കൽപന. രണ്ടാമത്തെ കൽപനയും ഇതിനുതുല്യം തന്നെ. അതായത്, നിന്നെപ്പോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക."
(മത്താ. 22:35-40)

# നേർക്കുനേർ

## എൻ.ബി.സിയും ബിഷപ്പ് റോബർട് ബാരണും

സഭയുടെ തലപ്പത്ത് മുഴുവൻ പുരുഷൻമാരല്ലേ?

മക് അലൻ, ടെക്സസ്: പരിശുദ്ധ പിതാവിന്റെ അമേരിക്കൻ സന്ദർശനവുമായി ബന്ധപ്പെട്ട് അമേരിക്കൻ മാധ്യമങ്ങളിൽ ചൂടുള്ള ചർച്ചകൾ അരങ്ങേറിയിരുന്നു. ശക്തമായ സന്ദേശം കൊണ്ടും വാദ ഗതികളുടെ വ്യത്യസ്തതകൊണ്ടും ശ്രദ്ധേയമായ ഒരു ചർച്ചയിലെ പ്ര ധാന കഥാപാത്രം വേർഡ് ഓൺ ഫയർ കാത്തലിക് മിനിസ്ട്രീസിന്റെ സ്ഥാപകനും ലോസ് ആഞ്ചലസ് അതിരൂപതയുടെ സഹായ മെത്രാനുമായ ബിഷപ് റോബർട് ബാരണായിരുന്നു. അമേരിക്കൻ ടെലിവിഷൻ അഭിമുഖലോകത്തിലെ അതികായൻമരായ രണ്ട് അവത ാരകരാണ് സഭയെ പ്രതികൂട്ടിലാക്കുന്ന ഈ ചോദ്യവുമായെത്തിയത്; എൻ.ബി.സിയുടെ അവതാരകൻ ബ്രയൻ മാത്യൂസും വാദഗതികള ിൽ ഇഴകീറി സംസാരിക്കുന്ന ക്രിസ് മാത്യൂസും.



ബിഷപ് റോബർട് ബാരൺ

ബിഷപ് നൽകിയ മറുപടി അമേരിക്കൻ ജനതയെയും മാധ്യമലോകത്തെയും പിടിച്ചു കുലുക്കി. സഭയ്ക്ക് ഉത്തരം നൽകാനില്ലെന്ന് ബൗദ്ധികവാദികൾ വിചാരിക്കുന്ന പ്രധാനപ്പെട്ട ചില ചോദ്യങ്ങൾക്ക് ബിഷപ് നല്കിയ മറുപടി അവതാരകരെപ്പോലും തെല്ല് പരിഭ്രമത്തിലാക്കിയെന്നത് സത്യമായിരുന്നു. എൻ.ബി.സിയും എം.എസ്. എൻ.ബി.സിയും ഇത്തരമൊരു തിരിച്ചറിവിനെ വേറൊരിടത്തും കണ്ടിട്ടുമുണ്ടായിരുന്നില്ല.

ചർച്ച ചൂടുപിടിക്കവേ ക്രിസ് മാത്യൂസ് പൊടുന്നനേ ആ ചോദ്യം ഉയർത്തിവിട്ടു, ‘‘ബിഷപ് ബാരൺ, എനിക്ക് താങ്കളോട് ചോദിക്കാനുള്ള ചോദ്യം ഇതാണ്. സഭയുടെ അധികാരശ്രേണിയിൽ ഉയരത്തിലുള്ള സ്ഥാനങ്ങൾ മുഴുവൻ പുരുഷൻമാരല്ലേ വഹിക്കുന്നത്. എന്തുകൊണ്ട് സ്ത്രീകൾക്ക് വൈദികരോ മെത്രാൻമാരോ ആയിക്കൂടാ?’’

ഉത്തരം നൽകാൻ ആരും വിഷമിക്കുന്ന ചോദ്യമാണ്. സമത്വമോ നീതിയോ സഭയിൽ നിഷേധിക്കപ്പെടുന്നു എന്നതു തന്നെയാണ് ചോദ്യത്തിന്റെ ആന്തരികശക്തി. ബിഷപ് ബാരൺ

വളരെ ലാഘവത്തോടെ തന്റെ ഉത്തരം ആരംഭിച്ചതുതന്നെ പ്രേക്ഷകരെ ചിന്തിപ്പിച്ചു, "സഭയുടെ അധികാരശ്രേണിയെ ലോകത്തിന്റെ രീതികളുമായി കൂട്ടിക്കുഴക്കുന്നതിലാണ് ഈ ചിന്തയുണ്ടാവുന്നത്. സഭയുടെ ഏറ്റവും തലപ്പത്താണ് എന്ന് നിങ്ങൾ പറയുന്ന ഫ്രാൻസിസ് പാപ്പ സ്വയം അഭിസംബോധന ചെയ്യുന്നതും ആയിരിക്കുന്നതും സകലരുടെയും ദാസനായിട്ടാണ്. പ്രീസ്റ്റ്ഹുഡ് (priesthood)അല്ല സഭയിലെ ഉന്നതശ്രേണി, സെയ്ന്റ്ഹുഡാണ് (sainthood). സ്ത്രീവിശുദ്ധരിൽ മാർപാപ്പമാരെപ്പോലും തങ്ങളുടെ ജീവിതവിശുദ്ധിയും കാഴ്ചപ്പാടുകളുംകൊണ്ട് നിലയ്ക്കു നിർത്തിയ വ്യക്തിത്വങ്ങളുണ്ടായിരുന്നു ചരിത്രത്തിൽ. ലോകം ചിന്തിക്കുന്ന രീതിയിലുള്ള അധികാരകേന്ദ്രങ്ങളെല്ലാം ബഹുമാനിച്ചിരുന്നവർ. കാതറിൻ ഓഫ് സിയന്ന, ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യ, അമ്മത്രേസ്യ, ലൂർദിലെ ബർണദീത്ത, മദർ കബ്രീനി, മദർ തെരേസ, ഈഡിത് സ്റ്റെയ്ൻ മുതലായവർ. മാർപാപ്പായ്ക്ക് നിർദേശം നൽകിയ കാതറിൻ ഓഫ് സിയന്നയെ അദ്ദേഹം അനുസരിച്ചു. ലോകം കണ്ട വലിയ വ്യക്തിത്വങ്ങളിലൊരാളായ ജോൺ പോൾ രണ്ടാമൻ പാപ്പാ മദർ തെരേസയെ എപ്രകാരമാണ് ബഹുമാനിച്ചതെന്ന് ആധുനിക ലോകം കണ്ടു. വിശുദ്ധിയും അഭിഷേകവുമാണ് സഭയിൽ ശ്രേഷ്ഠതയുടെ അളവുകോൽ. അത് പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ലാതെ ആളുകളെ മുമ്പിലെത്തിക്കും. ഇത് മറ്റൊരിടത്തും നിങ്ങൾക്ക് കാണുവാൻ സാധിക്കില്ല. സഭയുടെ അധികാരശ്രേണിയെക്കുറിച്ചുള്ള തെറ്റിദ്ധാരണയിൽനിന്നാണ് ഇത്തരം വാദഗതികൾ ഉരുത്തിരിയുന്നത്. മദർ തെരേസയെയും കൊച്ചുത്രേസ്യയെയും പോലുള്ള വിശുദ്ധരെയാണ് മൺമറഞ്ഞുപോയ പല മാർപാപ്പമാരെക്കാൾ സഭാ സമൂഹം ബഹുമാനിക്കുന്നത് എന്നതും ഈ ലോകജീവിതത്തിൽ ക്രൈസ്തവജീവിതം അവസാനിക്കുന്നില്ല എന്നതും കാഴ്ചപ്പാടുകളിൽ വ്യത്യാസമുള്ളതിന്റെ ന്യായീകരണങ്ങളാണ്. വിശുദ്ധരുടെ എണ്ണം വർധിക്കുന്നതാണ് സഭയിൽ ഏതൊരു സമൂഹത്തിന്റെയും ശക്തി. അതല്ലാതെ, സേവനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന ശുശ്രൂഷാപദവികളല്ല."

പാപ്പയുടെ ഫിലാദെൽഫിയ സന്ദർശനവുമായി ബന്ധപ്പെട്ടബ്രയൻ വില്യംസിന്റെ ചോദ്യം, "കുടുംബമില്ലാത്ത ചില മെത്രാൻമാരും വൈദികരും ചേർന്ന് കുടുംബങ്ങൾക്ക് മാർഗനിർദേശങ്ങൾ നല്കുന്നതിൽ അപാകതയില്ലേ?"

ബിഷപ്പ് പറഞ്ഞു, "മെത്രാൻമാർ കരങ്ങളിലണിയുന്ന മോതിരം രൂപതാജനത്തെ മുഴുവൻ പരിണയിച്ചതിന്റെ അടയാളമാണ്. ഞങ്ങളെല്ലാം ഓരോ കുടുംബത്തിലെ അംഗങ്ങൾ കൂടിയാണ്. കുടുംബം എന്നാൽ വിവാഹം എന്നുമാത്രമല്ലല്ലോ അർത്ഥം. അതിൽ മാതാപിതാക്കളില്ലേ, സഹോദരങ്ങളില്ലേ, കുട്ടികളില്ലേ... ഇതിന്റെയൊക്കെ ഭാഗമായിരുന്നു, ഇപ്പോഴും ഭാഗമാണ് ഞങ്ങൾ. കൂടുതൽ

വലിയ കുടുംബബന്ധത്തെക്കുറിച്ചറിയാവുന്നതിനാലാണ് ചെറിയ കുടുംബങ്ങളെക്കുറിച്ച് പഠിപ്പിക്കുവാൻ ഞങ്ങൾ തയ്യാറാവുന്നത്. ഇടവകയാകുന്ന കുടുംബം, രൂപതയാകുന്ന കുടുംബം, സഭയാകുന്ന കുടുംബം അതൊക്കെ മുന്നിൽനിന്നു നയിക്കുന്നവരല്ലേ ഞങ്ങൾ. കർദ്ദിനാൾ ഫ്രാൻസിസ് ജോർജിന്റെ വാക്കുകൾ ഞാനോർക്കുന്നു, വൈദികർ അവിവാഹിതരല്ല, സഭാമക്കളെ വിവാഹം ചെയ്തവരാണവർ, അവർക്ക് ആത്മീയമക്കളുണ്ട്.''

[കടപ്പാട് : Sunday Shalom, USA]

# നോമ്പുകാലം...

**മാർച്ച് 4, നോമ്പാരംഭം, അന്നത്തെ വിലവിവരം അന്വേഷിക്കുക**

**കോഴി 1 kg =      പോത്ത് 1 kg =      പന്നി 1 kg =      മീൻ 1 kg =**

നോമ്പ് എടുത്ത് ഞാൻ മിച്ചംവെച്ച പണം ആവശ്യത്തിലിരിക്കുന്ന ഒരു സഹോദരനോ സഹോദരിക്കോ സ്വന്തം കൈകൊണ്ട് കൊടുക്കണം... (ചെറിയ കുട്ടികൾ ഉണ്ടെങ്കിൽ അവരെകൊണ്ട് ചെയ്യിക്കണം). ചിലപ്പോൾ അത് കൊടുക്കേണ്ടത് നിങ്ങളുടെ മാതാപിതാക്കൻമാർക്കായിരിക്കാം... ഇതുവരെ ഒരു പോക്കറ്റു മണിപോലും കിട്ടാത്ത ജീവിത പങ്കാളിക്കായിരിക്കാം.... സ്വന്തം കൂടപ്പിറപ്പുകൾക്കായിരിക്കാം, വിട്ടുജോലികാർക്കായിരിക്കാം, അയൽകാർക്കോ അപരിചിതർക്കോ ആയിരിക്കാം... തുടങ്ങിക്കോള്ളൂ...
Best wishes & God's Blessings.    ഫാ. ഡോ. ഡേവ് അക്കര കപ്പൂച്ചിൻ.

## ധനികരായാൽ പോര! മനുഷ്യരാകണം
## (പക്ഷേ പബ്ലിസിറ്റി കിട്ടത്തില്ല!)

അംബാനിയുടെ മകളുടെ വിവാഹധൂർത്തിന്റെ പൊടിപ്പും തൊങ്ങലുംവച്ച കഥകൾക്ക് മാധ്യമങ്ങൾ നൽകുന്ന പ്രാധാന്യം ഇൻഡ്യയിലെ അംബാനിയേക്കാൾ വലിയവനായ മറ്റൊരു ധനികപുത്രന്റെ വിവാഹത്തിന് ലഭിച്ചിരുന്നില്ല! ഈ കഥ അറിയുമ്പോൾ ഇവിടത്തെ മാധ്യമങ്ങൾ ലജ്ജിക്കേണ്ടി വരും!

ഇന്ത്യയുടെ ഏറ്റവും വലിയ മൂന്നാമത്തെ സോഫ്റ്റ്‌വേർ കമ്പനിയായ വിപ്രോയുടെ ഉടമ അസീം പ്രേംജി. അദ്ദേഹത്തിന്റെ ഭാര്യ യാണ് എഴുത്തുകാരി കൂടിയായ യാസ്മിൻ പ്രേംജി. ഇവരുടെ മക്കളാണ് റിഷാദും താരിഖും. റിഷാദിന്റെ വിവാഹത്തിന് ധൂർത്തും ആഘോഷവും വേണ്ടെന്ന് വച്ചു. ചെറിയ തോതിൽ സംഘടിപ്പിച്ച സ്വീകരണ ചടങ്ങിൽ അതിഥികൾ നൽകാനുദ്ദേശിക്കുന്ന സമ്മാനം



തുകയായി സ്വീകരിച്ച് കാരുണ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമെന്ന് ക്ഷണക്കത്തിൽ പ്രേംജിമാർ സൂചിപ്പിച്ചു. അങ്ങനെ ലഭിച്ച തുകയോടൊപ്പം അസിം പ്രേംജി നൽകിയ തുകയും ചേർത്ത് 400 കോടി രൂപ വിദ്യാഭ്യാസ മേഖലയിൽ ഉപയോഗിച്ചു. 250 വിദ്യാലയങ്ങൾ പലയിടത്തായി പണിത് നൽകി. അസിം പ്രേംജി ഫൗണ്ടേഷൻ ഓരോ വർഷവും കാരുണ്യ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നത് അനേക കോടികളാണ്. പ്രതിവർഷം മുപ്പതിനായിരം കോടിക്കടുത്ത്. ഏകദേശം നാല് ലക്ഷം വിദ്യാലയങ്ങൾക്ക് ഫൗണ്ടേഷന്റെ സഹായം ലഭിക്കുന്നു. 'വിപ്രോ' ഉണ്ടാക്കിത്തന്ന പണം തന്റേത് മാത്രമല്ല എന്ന ഉദാത്ത ചിന്തയാണ് അസിം പ്രേംജിക്കുള്ളത്. കാരുണ്യപ്രവർത്തനങ്ങൾക്ക് പണം ചെലവാക്കുമ്പോൾ ലഭിക്കുന്ന സന്തോഷം അനിർവചനീയമെന്ന് യാസ്മിൻ പ്രേംജി പറയുന്നു. ഇവർ ധനികർ മാത്രമല്ല മനുഷ്യരുമാണ്. യഥാർത്ഥ മനുഷ്യർ!

അംബാനിമാരുടേയും രവി പിള്ളമാരുടെയും മക്കളുടെ വിവാഹ മാമാങ്കങ്ങൾക്ക് മാധ്യമങ്ങളിൽ വൻ പ്രാധാന്യം ലഭിക്കുമ്പോൾ ഈ കഥകളൊക്കെ പിന്നാമ്പുറത്ത് തള്ളപ്പെടുന്നു!

-അഡ്വ ബോറിസ് പോൾ


*(കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ)*

For more information visit, https://www.livemint.com/Companies/6fd1boxRbPYAuRoeNk852L/Azim-Premji-quietly-gives-away-more-to-charity.html.




**കൽപന പാലിക്കുന്നവൻ ജീവൻ സംരക്ഷിക്കുന്നു; ഉപദേശത്തെ നിന്ദിക്കുന്നവൻ മൃതിയടയും. (പ്രഭാ. 19:16)**

# ദൈവവിളിയും നിങ്ങളും



**കർത്താവ് അരുളിച്ചെയ്യുന്നതു ഞാൻ കേട്ടു: ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കു വേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ ! എന്നെ അയച്ചാലും!”**

തന്റെ വേലയ്ക്ക് ദൈവം ഒരാളെ വിളിക്കുമ്പോൾ അയാൾക്കാവശ്യമായ സകല കൃപകളും നല്കി ഒരുക്കിയതിനു ശേഷമാവും ദൈവം അയാളെ നിയോഗിക്കുക. മാത്രമല്ല ദൈവം തന്നെ അയാളുടെ കൂടെ എപ്പോഴുമുണ്ടാവും. ഏപ്രിൽ-മെയ് മാസങ്ങളിൽ എല്ലാ രൂപതകളും, സന്യാസ സഭകളും ദൈവവിളി ക്യാമ്പ് നടത്തുന്നുണ്ട്. നിങ്ങളുടെ അറിവിലുള്ള പത്താം ക്ലാസോ അതിലുമുപരി വിദ്യാഭ്യാസ യോഗ്യതയോയുള്ള ആൺക്കുട്ടികളെ ഈ വിവരം അറിയിക്കുമല്ലോ. നമ്മുടെ പ്രൊവിൻസിന്റെ ഇത്തരം പ്രവർത്തനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കണമേ. ദൈവമവരെ പ്രചോദിപ്പിക്കാനും വിശുദ്ധരായ വൈദികരെയും സന്യസ്തരെയും നല്കി സഭയെ ധന്യമാക്കാനും നിങ്ങളുടെ വിലയേറിയ പ്രാർത്ഥന ദൈവം സ്വീകരിക്കുമാറാകട്ടെ.

കൂടുതൽ വിവരങ്ങൾക്ക്: Vocation Promoter, 9496804911

# എങ്ങനെയാണ് പ്രാർഥിക്കേണ്ടത്?

ജീവിതത്തിൽ ഒരിക്കലെങ്കിലും പ്രാർത്ഥിക്കാത്തവർ ഉണ്ടാകില്ല. എങ്കിൽ പ്രാർത്ഥിക്കുമ്പോൾ ഇതു ശ്രദ്ധിക്കുമല്ലോ...

തകർച്ചയുടെ നടുവിലും ദൈവത്തെ സ്തുതിക്കാൻ കഴിയണം, ജോബിനെപ്പോലെ. ചോദിക്കുന്നതെന്തും ലഭിക്കുമെന്ന പ്രതീക്ഷ വേണം, അന്ധനെപ്പോലെ. ക്ഷമയോടെ കാത്തിരിക്കണം, അബ്രഹാമിനെപ്പോലെ. ലഭിച്ചു കഴിഞ്ഞെന്ന് കരുതി പ്രാർഥിക്കണം, ലാസറിന്റെ കുഴിമാടത്തിൽ യേശു പ്രാർഥിച്ചത് പോലെ. അനുഗ്രഹത്തിനുവേണ്ടി പിടിവാശിയോടെ പ്രാർഥിക്കണം, തന്നോട് മല്ലിട്ട ദൈവദൂതനോട് യാക്കോബ് വാശി പിടിച്ചത്പോലെ. കർത്താവിനു മനസ് തോന്നാൻ അപേക്ഷിക്കണം, കുഷ്ഠരോഗി അപേക്ഷിച്ചത് പോലെ. കർത്താവ് കടന്നു വന്നില്ലെങ്കിലും അവന്റെ ഒരു വാക്ക് മതിയെന്ന ബോധ്യം, ശതാധിപന്റെ വിശ്വാസം. നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടണം, തളർവാതരോഗിയുടേതുപോലെ. കർത്താവ് കനിയാൻ കാത്തിരിക്കണം, അപസ്മാര രോഗിയുടെ പിതാവും ബ

ർത്തിമേയുസും ചെയ്തപോലെ. യേശുവിന്റെ വസ്ത്രത്തിൽ എങ്കിലും തൊട്ടാൽ മതിയെന്ന വിശ്വാസം വേണം, രക്ത സ്രാവക്കാരിയുടേത് പോലെ. നീതിനിഷ്ഠരും കർത്താവിന്റെ പ്രമാണങ്ങളും കല്പന കളും കുറ്റമറ്റവിധം അനുസരിക്കുന്നവരാകണം, സഖറിയായെയും എലിസബത്തിനെയും പോലെ. യേശുവിന്റെ വചനം കേട്ട് അവനോ ട് ചേർന്നിരിക്കണം, മറിയത്തെപ്പോലെ. പാപാവസ്ഥ വിട്ടെറിഞ്ഞു ദൈവപിതാവിന്റെ അടുക്കലേക്കു ചെല്ലണം, ധൂർത്ത പുത്രനെ പ്പോലെ. ഇടതടവില്ലാതെ പ്രാർഥിക്കണം, അതായത് വീണ്ടും വീണ്ടും പ്രാർഥിച്ചു ഉത്തരം കിട്ടുന്നത് വരെ തുടരണം, നീതി രഹിതനായ ന്യാ യാധിപന്റെ അടുക്കൽ നീതിതേടിയ വിധവയുടെ സമീപനം പേ ാലെ. ദൈവ സന്നിധിയിലേക്ക് നോക്കുവാൻ പോലും ഭയപ്പെട്ട് എളി മയോടെ പ്രാർഥിക്കണം, ചുങ്കക്കാരനെപ്പോലെ. നിർമ്മലരാകണം, ശിശുക്കളെപ്പോലെ. പാപങ്ങൾക്ക് പരിഹാരം ചെയ്യണം, സക്കേവൂസിനെപ്പോലെ. ഉപവസിക്കുകയും വിലപിക്കുകയും ചെയ് ത് പ്രാർഥിക്കണം, നേഹമിയയെപ്പോലെ....

ചോദിക്കുമ്പോൾ ദൈവം എന്നെ അനുഗ്രഹിക്കും എന്ന പ്ര തീക്ഷ വേണം. മനുഷ്യനെയല്ല, ദൈവത്തെ പ്രീതിപ്പെടുത്തി നീ ജീവിച്ചു തുടങ്ങുമ്പോൾ നിന്റെ ജീവിതത്തിൽ ഒന്നും പിന്നീട് അസാധ്യം ആയിരിക്കില്ല. പ്രാർഥന ഒരു ആയുധമാണ്. ആസാധ്യതകളെ സാധ്യമാക്കുന്ന വജ്രായുധം.

# അവളുടെ ഡയറി

ഞാൻ ഭർത്താവിനോടൊപ്പമാണ് താമസിക്കുന്നത്. എന്റെ ഭർത്താവ് കൂർക്കം വലിക്കാറുണ്ട്. എനിക്ക് വിഷമമില്ല. മറിച്ച്, ഞാൻ സ്രഷ്ടാവിന്റെ അനുഗ്രഹം മനസ്സിലാക്കി സന്തോഷിക്കുന്നു. കാരണം, ഭർത്താവ് മരിച്ചു പോയവരെക്കുറിച്ചും വിവാഹമോചിതരെക്കുറിച്ചും ഒരുമിച്ച് കഴിയാൻ ഭാഗ്യമില്ലാത്തവരെക്കുറിച്ചുമാണ് ഞാൻ ചിന്തിക്കുന്നത്.

എന്റെ മക്കൾ എന്നോട് ‘രാത്രി കൊതുക്കടിച്ചിട്ട് ഉറങ്ങാൻ കഴിഞ്ഞില്ല; രാവിലത്തെ ഭക്ഷണം ഇഷ്ടപ്പെട്ടില്ല,’ എന്നൊക്കെ പറഞ്ഞ് എന്നോട് പിണങ്ങുമ്പോഴും ഞാൻ സന്തോഷിക്കുന്നു. കാരണം, എന്റെ മക്കൾ രാത്രിയിൽ വീട്ടിൽ വന്ന് കിടന്നുറങ്ങുന്നു, അനാവശ്യ കൂട്ട്കെട്ടുകളില്ല, ഇഷ്ടമല്ല എന്ന് പറഞ്ഞാലും ഞാൻ ഉണ്ടാക്കിയത് കഴിക്കുന്നു. മക്കളില്ലാത്തവരെക്കുറിച്ചും മാതാപിതാക്കളെ അനു സരിക്കാതെ ജീവിക്കുന്ന മക്കളെക്കുറിച്ചും ചിന്തിക്കുന്നു, ഞാൻ. തീർച്ചയായും സൃഷ്ടാവിന്റെ അനുഗ്രഹം മനസ്സിലാക്കി അവനെ സുതുതിക്കുന്നു.

കറന്റ് ബില്ലും ഗ്യാസിനും മറ്റും ചിലവ് കൂടുമ്പോഴും ഭർത്താവ്

ഇടക്ക് വഴക്ക് പറയും. പക്ഷെ അപ്പോഴും ഞാൻ സങ്കടപ്പെടാറില്ല. അവ ഇല്ലാതെ ജീവിക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ച് ചിന്തിക്കുന്നു ഞാൻ. സ്രഷ്ടാവ് നൽകിയ അനുഗ്രഹത്തെ ഓർക്കുന്നു ഞാൻ.

എല്ലാ ദിവസ്സവും വീടും മുറ്റവും ജനലും വാതിലുകളും വൃത്തിയാക്കേണ്ടി വരുന്നു എനിക്ക്. പക്ഷെ ഞാൻ സന്തോഷിക്കുന്നു. ഒരു വീട് സ്വപ്നം കണ്ട് ജീവിക്കുന്നവരെക്കുറിച്ചാണ് ഞാൻ ചിന്തിക്കുന്നത്. അപ്പോഴാണ് സ്രഷ്ടാവിന്റെ അനുഗ്രഹം മനസ്സിലാക്കുന്നതും സന്തോഷിക്കുന്നതും.

എല്ലാ ദിവസ്സവും അതിരാവിലെ എഴുന്നേൽക്കേണ്ടി വരുന്നു എനിക്ക്. പുഞ്ചിരിച്ച് കൊണ്ട് ഞാൻ സ്രഷ്ടാവിനെ സ്തുതിച്ച്കൊണ്ട് എഴുന്നേൽക്കുന്നു. എനിക്ക് പുതിയ ഒരു പ്രഭാതം കൂടി നൽകിയ സ്രഷ്ടാവിനോട് നന്ദി പറയുന്നു. എത്ര പേരാണ് ഈ പ്രഭാതം കാണാതെ ഈ ലോകത്തോട് വിടപറഞ്ഞിരിക്കുക. എത്ര പേരാണ് എന്നെപ്പോലെ എഴുന്നേൽക്കാനോ നടക്കാനോ സാധിക്കാതെ കിടക്കുന്നത്. ഞാൻ അതാണ് ചിന്തിക്കുന്നത്.

ഇത് എനിക്കും നിങ്ങൾക്കും വായിക്കാൻ സാധിക്കുന്നു. നമ്മുടെ കണ്ണിന് കാഴ്ച ശക്തിയുണ്ട്. എത്ര അനുഗ്രഹം ലഭിച്ചവരാണ് നമ്മൾ. ഇത് വായിക്കാൻ കഴിയാത്ത, മനസ്സിലാക്കാൻ കഴിയാത്തവരായി ഈ ലോകത്ത് എത്ര പേരുണ്ട് അവരെക്കുറിച്ചോർക്കുമ്പോൾ നമുക്ക് ലഭിച്ച അനുഗ്രഹം മനസ്സിലാക്കി സന്തോഷിക്കൂ. ജീവിതത്തിലെ വിലയേറിയ അനുഗ്രഹങ്ങളെ മനസ്സിലാക്കി നമ്മുടേയും നമ്മുടെ കൂടെയുള്ളവരുടേയും ജീവിതം സന്തോഷമാക്കാൻ ശ്രമിക്കുക. വളരെ ചെറിയ കാര്യങ്ങളിൽ പോലും സന്തോഷം കണ്ടെത്തി ജീവിക്കാൻ സാധിക്കുക എന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹം.

ഞാൻ ഏറെ സന്തോഷിക്കുന്നു. എന്റെ കുഞ്ഞുവരികൾ നിങ്ങളിലേക്ക് എത്തുന്നു എന്നതിൽ സന്തോഷം കണ്ടെത്തുന്നു.

*(കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ)*

# ക്യാൻസർ

ഉപ്പ്, പഞ്ചസാര, പുളി, മോര്, പാൽ, വിനെഗർ (അഥവാ സൊർക), അച്ചാർ, ഉണക്കമുന്തിരി, ഈത്തപ്പഴം, ശർക്കര, കുടംപുളി എന്നീ സാധനങ്ങൾ പ്ലാസ്റ്റിക് പാത്രത്തിൽ ഇട്ടു സൂക്ഷിക്കുന്നത് മൂലം നമ്മൾ കാൻസറിനെ വിളിച്ചു വരുത്തലാണ് ചെയ്യുന്നത്. ഇതൊരു മുഖ്യകാരണമായി ഡോക്ടർമാർ പറയുന്നുണ്ട്.

അതേ പോലെ തന്നെ, വീട്ടിൽ ഉപയോഗിച്ച് വരുന്ന അലുമിനിയം പാത്രങ്ങൾക്കും കാൻസർ ഉണ്ടാക്കുന്നതിൽ പങ്കുണ്ട്. അലു

മിനിയം പാത്രങ്ങളിൽ പാൽ, മോര് മുതലായവ കാച്ചി ഉപയോഗിക്കുന്നത്, കറി വെയ്ക്കുന്നത്, എല്ലാമിതിനു കാരണം ആണ്. പ്രഷർ കുക്കർ അലുമിനിയമാണെന്ന് അറിയാമല്ലോ. സംഭവിക്കുന്നത്, അലുമിനിയം ചൂടാവുന്ന സമയത്തു അലുമിനിയം സൾഫേറ്റ് എന്ന രാസവസ്തു ഭക്ഷണത്തിൽ കലരുന്നു. കുറച്ചു നാളുകൾ ഉപയോഗിച്ച കുക്കറാണെങ്കിൽ നമ്മൾക്ക് അതിന്റെ ഉള്ളിലേക്കു നോക്കിയാൽ ചെറിയ ചെറിയ കുഴികൾ കാണാം. ആ കുഴികളിൽ ഉണ്ടായിരുന്ന രാസവസ്തു ഇപ്പോൾ നമ്മുടെ ശരീരത്തിൽ ആണെന്ന് മാത്രം. ഇത് ഏറ്റവും ബാധിക്കുന്നതു നമ്മുടെ മക്കളെയാണ്.

പ്രതിവിധി : അലുമിനിയം പാത്രങ്ങൾക്ക് പകരം ഇരുമ്പ്, സ്റ്റീൽ തുടങ്ങിയവ ഉപയോഗിക്കാം. പ്ലാസ്റ്റിക്കിനു പകരം ചില്ല് പത്രങ്ങളോ ചെമ്പു പാത്രങ്ങളോ ഉപയോഗിക്കാം. ഈ വിവരം എല്ലാവരിലും എത്തിച്ചു കൊടുക്കുക. അതിമാരകമായ, ജീവിതത്തെ ഒന്നായി കാർന്നു തിന്നുന്ന കാൻസറിനെ നമുക്ക് തുരത്തി ഓടിക്കാം.

**(തിരുവനന്തപുരം റീജ്യണൽ ക്യാൻസർ സെന്ററിലെ ഡോക്ടർമാരുടെ നിർദ്ദേശം.)**

# ലഹരി (കഥ)

"അച്ഛാ താ പത്തു രൂപ, അച്ഛാ താ..." അവൻ കുഞ്ഞു കൈ നീട്ടി വീണ്ടും കെഞ്ചി.
"നന്ദു നിന്നോടാ ഞാൻ ചോദിച്ചത് പത്തു രൂപ എന്തിനാണെന്ന്". ഞാൻ ഷർട്ട് തിടുക്കത്തിൽ ഇടുന്നതിനിടയിൽ ചോദിച്ചു.
"അത്...അത് ഒരു കാര്യത്തിനാണ്!" അവൻ നിന്ന് വിക്കി.
"കുട്ടികള് കാശ്കൊണ്ട് കളിക്കരുത്, മനസിലായോ..." അവൻ നീട്ടിപ്പിടിച്ച കൈ തട്ടിതാഴ്ത്തികൊണ്ട് ഞാൻ പറഞ്ഞു. സത്യത്തിൽ അവനു പത്തു രൂപ കൊടുക്കണമെന്നുണ്ടായിരുന്നു. കാരണം അവൻ ഇക്കാലത്തിനിടക്ക് ഒരു രൂപയ്ക്കുപോലും ചോദിച്ചിട്ടില്ല. പക്ഷേ ഇന്ന് അത് കൊടുത്താൽ എന്റെ ബജറ്റ് താളം തെറ്റും. കൂട്ടുകാർ വൈകീട്ടത്തെ 'കലാപരിപാടിക്ക്' കാത്തിരിപ്പുണ്ട്. കൈവശം കൂട്ടി നോക്കിയപ്പോൾ ഒരു ഷെയറിനുള്ള കാശു കൃത്യം. പിന്നെന്ത് ചെയ്യും! അവൻ വീണ്ടും കൈ നീട്ടി മുമ്പിൽ നിൽക്കുന്നു. ആ കുഞ്ഞിക്കണ്ണിൽ അച്ഛൻ കൈവിടില്ല എന്ന പ്രതീക്ഷ തിരിച്ചറിഞ്ഞപ്പോൾ എവിടെയോ ഒരു നൊമ്പരം പൊടിഞ്ഞു വരുന്നു.

"മോൻ പോയി അച്ഛനൊരു ഗ്ലാസ് വെള്ളമെടുത്തു വാ".

സത്യത്തിൽ ഞാൻ അവനെ ഒഴിവാക്കുകയായിരുന്നു. അവൻ ഉത്സാഹത്തോടെ അടുക്കളയിലേക്കോടി. ഞാൻ പുറത്തേക്കും.

അവന്റെ കണ്ണിൽ കയ്യിലെ ഗ്ലാസോളം കണ്ണീർ കണ്ടിട്ടും തിരിച്ചുചെല്ലാൻ മനസിന്റെ ''വെള്ളത്തിന്റെ'' ദാഹം അനുവദിച്ചില്ല. അവൻ തിരിച്ചു വിളിക്കുമെന്ന് കരുതി വേഗത്തിൽ നടന്നു. പക്ഷേ അവൻ വിളിച്ചതേയില്ല. കുറച്ചു ദൂരംനടന്നു, ഒന്ന് തിരിഞ്ഞു നോക്കിയപ്പോഴും അവൻ കൈയിൽ വെള്ളവുമായി നിൽക്കുകയായിരുന്നു. നിറഞ്ഞ കണ്ണുകളുമായുള്ള അവന്റെ ആ നിൽപ്പ് വല്ലാതെ ഉള്ളിൽ കുരുങ്ങിക്കിടന്നു. അതുകൊണ്ട് തന്നെയാണ് കൂട്ടുകാരുടെ കൂടെ അടിക്കാതെ തന്റെ പങ്കു് എളിയിൽത്തിരുകി വേഗം വീട്ടിലേക്ക് മടങ്ങിയത്.

ഞാൻ വാതിൽക്കൽ അവനെ പ്രതീക്ഷിച്ചിരുന്നു, പക്ഷേ കണ്ടില്ല. ഉമ്മറത്ത് അവളിരിപ്പുണ്ട്. ''നീയെപ്പഴാ വന്നത്?''
''ശവമടക്ക് കഴിഞ്ഞപ്പത്തന്നെ ഞാനിറങ്ങി. ഇല്ലെങ്കിൽ ഇവിടെയെത്തുമ്പോൾ ഇരുട്ടിയേനെ... പിന്നെ നിങ്ങളെ എല്ലാവരും ചോദിച്ചു.'' അവൾ തെല്ലു സങ്കടത്തോടെ പറഞ്ഞു.
''ഉം... മോനെവിടെ...?''



''അവനുറങ്ങി. ഇത്ര നേരം കണ്ണും നട്ടിരിപ്പായിരുന്നു നിങ്ങളെ. വന്നിട്ടേ ഉറങ്ങൂന്ന് പറഞ്ഞു കാത്തിരിപ്പായിരുന്നു.'

ഞാൻ അകത്തേക്ക് കടന്നു കട്ടിലിനരികിൽ ഇരു ന്നു പതുക്കെ അവന്റെ മുടിയിഴ തഴുകി. ആ തഴുകലിൽ വല്ലാത്തൊരു കുറ്റബോധമുണ്ടായിരുന്നു. പിന്നെ പതുക്കെ അവന്റെ കുഞ്ഞു വിരൽ കവർന്നു. അപ്പോഴാണത് ശ്രദ്ധിച്ചത്, അവന്റെ കയിലെന്തോ ചുരുട്ടിപ്പിടിച്ചിരുന്നു. പതുക്കെ ആ കുഞ്ഞു വിരലുകൾ വിടർത്തി... അതിൽ വിലകുറഞ്ഞ ഒരു മിഠായി!

ഞാൻ അതെടുത്തു. അവന്റെ കൈയിലെ വിയർപ്പിനാൽ അത് അലിഞ്ഞു തുടങ്ങിയിരുന്നു. ഇതു കണ്ടുനിന്ന ഭാര്യ പറഞ്ഞു, ''ഞാനുമമ്മയും സംസാരിക്കുന്നതിനിടക്ക് ഇന്നു നിങ്ങളുടെ പിറന്നാളാണെന്നു കേട്ട് അവൻ അത് ഓർത്തുവെച്ച് നിങ്ങൾക്ക് തരാൻ വാങ്ങിയതാ...! അവനിഷ്ടപ്പെട്ട ചോക്ലേറ്റ് മുട്ടായി വാങ്ങി തരാനാ കൊതിച്ചത്. വന്നപാടെ എന്റെടുത്ത് കാശു ചോദിച്ച് ഒരുപാട് കരഞ്ഞു. എന്റെയടുത്തെവിടുന്നാ...''
അവളുടെ വാക്കുകളിൽ നിസഹായത നിഴലിച്ചിരുന്നു.

കാൽക്കലിരുന്ന് അവളവനെ തഴുകി. അൽപ്പ നേരത്തെ

ഇടവേളക്ക് ശേഷം വീണ്ടും തുടർന്നു. “കുറേ നേരം ഉമ്മറത്ത് തന്നെ ഇതുമായി കണ്ണുംനട്ട് കാത്തിരിപ്പായിരുന്നു... പാവം!”

എന്റെ കണ്ണ് നിറഞ്ഞു. അരയിൽ തിരുകിയ പാതി കുടിച്ച മദ്യകുപ്പി ചുട്ടുപ്പൊള്ളുന്നതായി തോന്നിയപ്പോൾ ഞാൻ പതുക്കെ എഴുന്നേറ്റു. കുപ്പി തുറന്ന്, എനിക്ക് മാത്രം സുഖം തന്ന നിറം കലർന്ന ലായനി ഒരു തുള്ളിപോലും അവശേഷിക്കാതെ വാഷ്ബേസനിൽ കമഴ്ത്തി. അന്നുവരെ ആശിച്ച ആ കാഴ്ച കണ്ടപ്പോൾ അവൾ ഓടി വന്നെന്നെ കെട്ടിപ്പിടിച്ചു എന്റെ മാറത്ത് മുഖമമർത്തി തേങ്ങി.

ഞാൻ അവളുടെ മുഖം പിടിച്ചുയർത്തി കണ്ണുകളിലേക്ക് നോക്കി ഉറച്ച ശബ്ദത്തിൽ പറഞ്ഞു, “ഇനി ഇല്ല... ഒരിക്കലും...”

പെട്ടന്ന് ഞങ്ങളുടെ ശബ്ദം കേട്ട് ചാടിയെഴുന്നേറ്റ മോനും ഞങ്ങളെ വട്ടം ചുറ്റിപ്പിടിച്ചു. ഞാനവനെ കൈകളിലെടുത്ത് തെരു തെരെ ഉമ്മവച്ചു. എന്നിട്ട് ഞാൻ ആ കുഞ്ഞു മിഠായി വീതിച്ചു ഇരുവരുടെയും വായിൽ വെച്ച് കൊടുത്തു. ഒപ്പം ഞാനും കഴിച്ചു.

ആ നിമിഷങ്ങളിൽ ഞാൻ തിരിച്ചറിയുകയായിരുന്നു ഉള്ളം പങ്കുവയ്ക്കുമ്പോൾ നുരഞ്ഞു പൊന്തുന്ന സ്നേഹത്തിന്റെ ലഹരിയേക്കാൾ വലിയ ലഹരി ഈ ലോകത്ത് മറ്റൊന്നിനും ഇല്ലയെന്ന സത്യം. അതെ കുടുംബമാണ് പരമമായ ആനന്ദം.

*(കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ)*

**13-ാം പേജിലെ ചിത്രം നിറം കൊടുത്തപ്പോൾ ഇങ്ങനെയാണോ കിട്ടിയത്?**






# വിളക്കുമരത്തോട് അമ്മപറഞ്ഞത്

"നിന്റെ യാത്ര മറ്റുള്ളവർക്ക് വെളിച്ചം നൽകാനാണ്. അതിനായി അവർ നിന്നെ അനുയോജ്യമായ സ്ഥലത്ത് നിർത്തും. ഒരിക്കൽ നീ ഒരിടത്തുറച്ചാൽ അതായിരിക്കും നിന്റെ ലോകം, ആ സ്ഥലം നിനക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും വെളിച്ചം നൽകുകയെന്നതാണ് നിന്റെ ദൗത്യമെന്ന് മറക്കരുത്.

ഒരു പക്ഷേ നീ ഏകാകിയാണെന്ന് വന്നേക്കാം. എങ്കിലും, നിന്റെ ദൗത്യം മാറുകയില്ല. അത് ആളൊഴിഞ്ഞ കോണിലോ നിറഞ്ഞ തെരുവിലോ ആയാലും, നീ നീ തന്നെ ആവണം. നീ അനേക കാര്യങ്ങൾക്ക് മൂക സാക്ഷിയാവും. അതിൽ ചിലപ്പോൾ



സത്കർമ്മങ്ങൾ ഉണ്ടാവാം അകൃത്യങ്ങൾ ഉണ്ടാവാം. നിന്റെ തണലിൽ അനേകർ വിശ്രമിച്ചേക്കാം. അതിൽ അഷ്ടിക്ക് വകയില്ലാത്തവനും ധനവാനും ഉണ്ടായേക്കാം! അവർ ആരൊക്കെ ആയാലും നീ പ്രകാശിക്കുന്നവനാവണം. ആളെ നോക്കി നിന്റെ പ്രകാശം ക്രമീകരിക്കരുത്.

വേറെ എവിടെ ഇരുട്ടുണ്ടെങ്കിലും അത് മാറ്റുക നിന്റെ പണിയല്ല. നീ നിൽക്കുന്നിടം പ്രകാശപൂരിതമാക്കുക, അതാണ് നിന്റെ ജൻമലക്ഷ്യം. ചിലപ്പോൾ ശൈത്യവും അല്ലെങ്കിൽ ഉഷ്ണവും നിന്നെ ശല്ല്യപ്പെടുത്തിയേക്കാം. കാറ്റോ മഴയോ ആകുലപ്പെടുത്തിയേക്കാം. എങ്കിലും നീ പതറരുത്!

നിന്റെ ആവശ്യമില്ലാത്തപ്പോൾ നീ വിശ്രമിക്കുക. കാരണം, സൂര്യനൊപ്പം നീയും പ്രകാശിച്ചാൽ നിന്റെ പ്രകാശം ചെറുതാവുകയും വകതിരുവില്ലാത്തവനെന്ന് നീ വിളിക്കപ്പെടുകയും അങ്ങനെ നീ പരിഹാസ്യനാവുകയും ചെയ്യും! അതിനാൽ ആവശ്യം തിരിച്ചറിഞ്ഞ് ഇരുളിൽ പ്രകാശം കരുതിവയ്ക്കുക.

അവസാനമായി മകനെ, ഒന്ന് നിന്നെ ഓർമ്മപ്പിക്കുന്നു. ഇതെല്ലാം ചെയ്യണമെങ്കിലോ നിനക്ക് ഊർജ്ജനിലയവുമായി ബന്ധമുണ്ടാവണം. അതുമായി നിന്നെ ബന്ധിപ്പിക്കുന്ന ചാലകം എന്ന് നഷ്ടപെടുന്നുവോ അപ്പോൾ മുതൽ നീ ഉപയോഗശൂന്യമായി ഉയർന്നു നിൽക്കുന്ന വെറുമൊരു തൂണു മാത്രമാകും.

പോകുക... വെളിച്ചം നൽകുക!"

**ശ്രദ്ധിക്കൂ, നമ്മിളിലുമില്ലേ ഒരു വിളക്ക് മരം...**

# വിശുദ്ധ ഗ്രന്ഥം!

പ്രഭാതത്തിൽ അടുക്കളയിലെ പാത്രങ്ങളോടും തവിക ളോടുമൊക്കെ സംസാരിക്കുന്ന ഒരു ജീവനുണ്ട് വീട്ടിൽ. വിളമ്പിക്കൊടുത്ത് തനിക്ക് തികയാതെ വരുമ്പോൾ എനിക്കിത് ഇഷ്ടമല്ലെന്നോതി വീതിച്ച് കൊടുക്കുന്ന ഒരു ജൻമം. പരിഭവ ങ്ങളില്ലാതെ, പവിത്രമായൊരു പ്രണയംപോലെ മുറ്റത്തെ ചെടിക ളുടേയും തൊടിയിലെ ചെറു മരങ്ങളുടേയും ദാഹം തീർക്കുന്ന, കർഷകശ്രീ അവാർഡ് കിട്ടാത്ത ഒരു മഹിളയുണ്ട് വീട്ടിൽ.

മക്കളും ഭർത്താവും വീടും ഉറങ്ങിയതിന് ശേഷം ഉറങ്ങി, അലാറമടിക്കും മുന്നേ ഉണരുന്നൊരു ശരീരം. അടുക്കളയിലെ ചൂടും ചൂരും നുകർന്ന് സ്വയം ശുദ്ധവായു ശ്വസിക്കാൻ മറന്ന ഒരു മറവിക്കാരി. പുറത്ത് പോയവർ വീടണയുംവരെ ഉള്ളിൽ തീ നിറച്ച് തേങ്ങലോടെ കാത്തിരിക്കുന്ന ഒരു ഹൃദയം.

ദൈവത്തിനോടുള്ള സ്വകാര്യം പറച്ചലിൽ സ്വന്തം പേര് പറയാൻ മറന്നുപോയൊരു മഹിള. സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിക്കാതെപോയ മദർ തെരേസയുണ്ട് വീട്ടിൽ. പത്രാസ് കാണിക്കാൻ മറന്നുപോയൊരു നിലവിളക്ക്. മക്കൾ യാത്ര പറഞ്ഞ് പടികളിറങ്ങുമ്പോൾ മറ്റൊരു പ്രസവ വേദന അനുഭവിക്കുന്ന മാലാഖ. ഒടുവിലാ സാഗരം കള മൊഴിയുമ്പോൾ കരയുന്നൊരു വീടും വാടിത്തളർന്ന പൂവു കളും പറയും ‘‘അമ്മയില്ലാത്തൊരു വീട് വീടേയല്ലെന്ന്...’’

ഏറ്റവും മികച്ച കോടതിയാണ് അച്ഛൻ. പക്ഷേ ആ കോടതി യിലെ എത്ര വലിയ വിധികളെയും മാറ്റി എഴുതിക്കാൻ കഴി വുള്ള, എന്തിനുമേതിനും ഇടനിലക്കാരിയായി നിൽക്കുന്ന അമ്മ തന്നെയാണ് ആദ്യത്തെ വക്കീൽ. കളിക്കിടെ വീണു മുറിഞ്ഞ കാൽമുട്ടിൽ പച്ചിലയരച്ച് മരുന്നാക്കി കെട്ടിത്തന്ന അമ്മയാണ് ആദ്യത്തെ ഡോക്ടർ.

സ്വയം ശ്രദ്ധിക്കാൻ മറന്ന്, മറ്റുള്ളവരെ പരിപോഷിപ്പിച്ച് എല്ലും തോലുമായ നനഞ്ഞ മറ്റൊരു ജീവനുണ്ട് വീട്ടിൽ, എല്ലാ മുള്ളിലൊതുക്കി സ്നേഹം അപ്പമാക്കി മാറ്റുന്ന അച്ഛൻ! പൊട്ടി ത്തകരുന്ന കളിപ്പാട്ടങ്ങളെ നേരെയാക്കി തരാറുള്ള, നമ്മൾ പരി ചയപ്പെട്ട ആദ്യത്തെ എഞ്ചിനീയർ.

**അച്ഛനും അമ്മയും ഒരു പാഠമല്ല. അനേകായിരം പാഠങ്ങളുള്ള ഒരു വിശുദ്ധ ഗ്രന്ഥമാണ്! മനസ്സിൽ നൻമ മാത്രമുള്ള മക്കൾക്ക് മാത്രം വായിക്കാൻ കഴിയുന്ന വിശുദ്ധ ഗ്രന്ഥം.**

കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ

# ശുശ്രൂഷയുടെ മഹത്വം

സിസ്റ്റർ ആൻസി പോൾ എസ്എച്ച്

സന്യസ്തരെക്കുറിച്ച് ഇത്രയേറെ ആശങ്കപ്പെടുന്ന, വ്യാകുലപ്പെടുന്ന 'ആൾക്കൂട്ട സഹതാപം' ഇതിനു മുമ്പൊരിക്കലും കണ്ടിട്ടില്ല. മഠത്തിനുള്ളിലെ ടൈംടേബിൾ, ജോലിഭാരം, സാമ്പത്തിക ഞെരുക്കം, അസ്വാതന്ത്ര്യം, മൗനം, നീണ്ടപ്രാർഥന, തിരുവസ്ത്രം ഇങ്ങനെ നീളുന്നു കാര്യങ്ങൾ. വ്രതശുദ്ധിയോടെയും സന്യാസ സമൂഹത്തിന്റെ നിയമമനുസരിച്ചും ജീവിച്ചുകൊള്ളാമെന്നു പരമാവധി 13 വർഷത്തെ പഠനത്തിനും പരിചിന്തനത്തിനും ശേഷം സ്വതന്ത്ര മനസോടെ സഭയേയും ദൈവജനത്തേയും സാക്ഷിനിർത്തി സന്യാസജീവിതം നിത്യവ്രതത്തോടെ ഉറപ്പിച്ചവർ തന്നെ 'വഴി' മറന്നു വഴിയിലിറങ്ങി സ്വന്തം അസ്വാരസ്യങ്ങളും അനിഷ്ടങ്ങളും പർവതീകരിച്ച്, സമർപ്പിതരെല്ലാം കൂട്ടിലകപ്പെട്ട കിളികളാണെന്നു വരുത്തിത്തീർത്തതിന്റെ ദുരന്തഫലം എത്ര ഭീകരമാണ്!



ഒരാൾ സ്വന്തം നിയോഗവും ലക്ഷ്യവും അനുസരിച്ചു സ്വയം തെരഞ്ഞെടുക്കുന്ന ജീവിതവഴിയാണു സന്യാസം. അതിനു ദൈവിക കൃപ കൂടിയേ തീരൂ. അതിനാൽ ദൈവത്താൽ വിളിച്ചു ചേർക്കപ്പെട്ടവരുടെ സമൂഹമാണിത്.

ദൈവികശുശ്രൂഷകരുടെ കൂട്ടായ്മയാണ്; തൊഴിലാളികളുടെയല്ല. ഓരോ സന്യാസസമൂഹത്തിന്റെ സ്ഥാപന ചരിത്രവും കാരിസവും നിയമാവലിയും പഠിച്ചറിഞ്ഞു സമൂഹജീവിതത്തിന്റെ പ്രായോഗിക പരിശീലനവും നേടി സ്വതന്ത്ര മനസോടെ ഒരു വ്യക്തി സ്വീകരിക്കുന്നതാണു സന്യാസം. ആദ്യവ്രതം കഴിഞ്ഞു വീണ്ടും പരമാവധി ഒമ്പതു വർഷംവരെ സമയമുണ്ട് നിത്യവ്രതം ചെയ്യാൻ. സമൂഹമാധ്യമങ്ങളിൽ കൊട്ടിഘോഷിക്കുന്നതുപോലെ 15-16 വയസിൽ പക്വതയെത്തുന്നതിനു മുമ്പ് ആരും കെട്ടിയേൽപ്പിക്കുന്നതല്ല അത്. ഒരു സാധാരണ സ്ത്രീ വിവാഹം കഴിഞ്ഞു രണ്ടു മക്കളുടെയെങ്കിലും അമ്മയാകുന്ന പ്രായമെത്തുമ്പോഴേ ഒരു സന്യാസിനി നിത്യവ്രതം ചെയ്യുന്നുള്ളു.

ഒരു സന്യാസി അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ മൂന്നു വ്രതങ്ങളെടുക്കുന്നതോടെയാണു സന്യസ്ത ജീവി

തത്തിലേക്ക് ഔദ്യോഗികമായി പ്രവേശിക്കുന്നത്. മൂന്നിനും തുല്യ പ്രാധാന്യമാണുള്ളത്. വ്രതങ്ങൾ ഒരിക്കലും അടിമത്തമല്ല നൽകുന്നത്, ആന്തരിക സ്വാതന്ത്ര്യത്തിന്റെ ആനന്ദത്തിലേക്കുള്ള വാതായനങ്ങളാണു തുറന്നിടുന്നത്. ലോകത്തിന്റെ തന്നെ അമ്മയായി മദർ തെരേസ അറിയപ്പെടുന്നതും രണ്ടാംക്രിസ്തുവായി ഫ്രാൻസിസ് അസീസി അറിയപ്പെടുന്നതും ഭരണങ്ങാനത്തിന്റെ ലില്ലിപുഷ്പമായി അൽഫോൻസാമ്മ പരിലസിക്കുന്നതും ഇൻഡോറിലെ രക്തസാക്ഷിയായി റാണി മരിയ മാറിയതും ഈ വ്രതശുദ്ധ ജീവിതത്തിന്റെ നൈർമല്യംകൊണ്ടാണ്. പബ്ലിസിറ്റി കൊടുത്ത്, തെരുവിലും മീഡിയയിലുമൊക്കെ പ്രതികരിക്കാൻ ഇറങ്ങിയവർ ആദ്യം ലംഘിച്ചത് അവർ ഏറ്റുപറഞ്ഞ വ്രതജീവിതം തന്നെയാണ്.

<u>കെട്ടുകഥകളും വസ്തുതകളും</u>



സന്യസ്ത ജീവിതമോ, സന്യാസ ജീവിത ശൈലിയോ എന്തെന്നറിയാത്ത, ഒരിക്കൽപ്പോലും ഒരു സന്യാസഭവനം സന്ദർശിക്കാത്ത, ഒരു സമർ പ്പിതയോ പുരോഹിതനോ സ്വന്തം കുടുംബത്തിലില്ലാത്ത 'വിമോചനവാദികൾ' ഞങ്ങൾക്കുവേണ്ടി അഭിപ്രായങ്ങൾ കൊട്ടിഘോഷിക്കുന്നതും വാദിക്കുന്നതുമെല്ലാം കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ സഹതാപമാണു തോന്നുന്നത്. നിങ്ങൾ എന്തറിഞ്ഞിട്ടാണു സംസാരിക്കുന്നത്? സന്യാസത്തിന്റെ നിയമങ്ങളേയും അധികാരത്തേയും ധിക്കരിച്ച്, വഴിവിട്ടു സഞ്ചരിച്ചതിന്റെ ആത്മസംഘർഷവും അതൃപ്തിയും മറ്റുള്ളവരുടെ തലയിൽ കെട്ടിവച്ചു പടിയിറങ്ങി പോകുന്നവരുടെ കെട്ടുകഥകൾ കേട്ടിട്ടോ?

ഉന്നതമായ ലക്ഷ്യത്തോടെ, പിറന്ന നാടും പ്രിയപ്പെട്ടവരേയും വിട്ടു സന്യാസത്തിന്റെ കവാടം കടന്ന് ഒരാൾ വരുന്നത് ആയുസു മുഴുവൻ ദൈവത്തേയും മനുഷ്യരേയും സ്വയംമറന്നു സ്നേഹിക്കാനും സേവിക്കാനും വേണ്ടിയാണ്. മനുഷ്യരായതുകൊണ്ടു മനുഷ്യസഹജമായ കുറവുകളുമുണ്ട്. ഞങ്ങളാരും പൂർണരാണെന്നു അവകാശപ്പെടുന്നുമില്ല.

എന്നാൽ, ഒരു കാര്യമോർക്കുക. ഈ തലമുറകളെ അക്ഷരം മാത്രമല്ല സംസ്കാരവും പഠിപ്പിച്ച് ജീവിതത്തിലേക്കു കൈപിടിച്ചുയർത്തുന്ന 5,613 കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമർപ്പിതരുണ്ട്. ഒരായുസു മുഴുവൻ ചോര നീരാക്കി അവസാനം വാർധക്യത്തിന്റെ ഒറ്റപ്പെടലിൽ വൃദ്ധസദനങ്ങളിലേക്കു തള്ളുന്ന മാതാപിതാക്കളെ സ്വന്തമെന്നപോലെ പരിചരിക്കുന്ന, തെരുവിലും

കുപ്പത്തൊട്ടിയിലും ഉപേക്ഷിക്കപ്പെടുന്ന ചോരക്കുഞ്ഞുങ്ങൾക്ക് കരുതലിന്റെ സുരക്ഷിതത്വമൊരുക്കുന്ന 845 സ്ഥാപനങ്ങളിൽ ഞങ്ങളുടെ അമ്മസാന്നിധ്യമുണ്ട്. സമൂഹം പുച്ഛിച്ചുതള്ളുന്ന, ആർക്കും വേണ്ടാത്ത എയ്ഡ്സ് രോഗികൾ, കുഷ്ഠരോഗികൾ, അംഗവൈകല്യമുള്ളവർ, മാനസികരോഗികൾ തുടങ്ങിയവർക്ക് അഭയമൊരുക്കിയ 2,153 ധർമസ്ഥാപനങ്ങളിൽ സ്നേഹത്തിന്റെ വിരുന്നൊരുക്കുന്ന സമർപ്പിത സാന്നിധ്യമുണ്ട്. ഓട്ടിസത്തിന്റെയും മറ്റു വൈകല്യങ്ങളുടേയും പേരിൽ കുടുംബത്തിന് 'അപമാന'മെന്നു പറഞ്ഞ് അവജ്ഞയോടെ നോക്കുന്ന കുഞ്ഞുങ്ങളെ, സ്വയംപര്യാപ്തരായി വളർത്തുന്ന സമർപ്പിതരുടെ 125 സ്പെഷൽ സ്കൂളുകൾ നാടിന്റെ നൻമയുടെ മുഖമാണു പ്രതിഫലിപ്പിക്കുന്നത്.

ഇതിന്റെ പ്രതിഫലമോ, ദൈവപ്രതിമകളായ നാനാ ജാതി മതസ്ഥരിൽ ക്രിസ്തുവിന്റെ മുറിവേറ്റ മുഖംകണ്ട് ശുശ്രൂഷ ചെയ്യുന്നതിന്റെ സംതൃപ്തി. നിർഭാഗ്യവശാൽ നിങ്ങൾ കേൾക്കുന്നതെല്ലാം പാതിവഴിയിൽ സന്യാസം ഉപേക്ഷിച്ചുപോയവരുടെ പഴിപറച്ചിലുകളാണ്. സ്വന്തം ജീവിതാപചയത്തിനു കാരണം കൂടെയുള്ളവരാണെന്നു സ്ഥാപിച്ചെടുക്കുന്നവരുടെ ന്യായീകരണങ്ങളാണ്.

## പൂർണതയ്ക്കു സമൂഹജീവിതം

സന്യാസജീവിതത്തിന്റെ പൂർണതയ്ക്കു സമൂഹജീവിതം അവശ്യഘടകമാണ്. ലക്ഷ്യമില്ലാതെ വന്നുചേരുന്നവരുടെ ആൾക്കൂട്ടമല്ല സമർപ്പിത ജീവിതം. ഉന്നതമായ ജീവിതാദർശം ഉള്ളിൽ ജ്വലിപ്പിച്ചു നിർത്തുന്നവരുടെ ജീവിതചര്യയാണ്. സന്യാസത്തിൽ ഒരു വ്യക്തി ദാരിദ്ര്യവ്രതമെടുക്കുന്നതോടെ സ്വന്തമായി പണം സമ്പാദിക്കാനും സൂക്ഷിക്കാനും ഡെപ്പോസിറ്റ് ചെയ്യാനുമുള്ള അവകാശത്തെ അയാൾ തന്നെ സ്വതന്ത്രമനസോടെ വേണ്ടെന്നുവയ്ക്കുകയാണ്. അതുകൊണ്ടുതന്നെ വ്യക്തി ചെയ്യുന്ന ജോലിയുടെ വേതനം പൊതുവാണ്. കുടുംബഭദ്രതയ്ക്കുവേണ്ടി ജോലി ചെയ്യുന്ന ആളിന്റെ വേതനം കുടുംബത്തിലെ എല്ലാവർക്കുമായി ഉപയോഗപ്പെടുത്തുന്ന എത്രയോ പേർ നമുക്ക് ചുറ്റുമുണ്ട്. അങ്ങനെയിരിക്കെ പോക്കറ്റ്മണിയുടെ കണക്കു പറഞ്ഞു വ്യക്തിഗതമായി കൈയിൽ പണമില്ലായെന്നു പരാതിപ്പെടുന്നവർ സമർപ്പിതവഴിയിൽ നിന്ന് അകലെ സഞ്ചരിക്കുന്നവരാണെന്നു വ്യക്തമല്ലേ?

സന്യാസ സമൂഹത്തിൽ വിവിധ ജോലികൾ ചെയ്യുന്നവരുണ്ട്. എന്നാൽ, മഠത്തിനുള്ളിൽ ഞങ്ങൾ സിസ്റ്റേഴ്സ് മാത്രമാണ്. ഓരോരുത്തരുടേയും സിദ്ധികളും അഭിരുചികളും ചോദിച്ചറിഞ്ഞ്, പ്രാവീണ്യമുള്ളവരായി വളർത്തി വിവിധ ശുശ്രൂഷകൾക്കു നിയോഗിക്കുന്നതു സന്യാസസമൂഹം തന്നെയാണ്. ജീവിതയാത്രയിൽ പോരായ്മകൾ തിരുത്തി പക്വതയിലെത്തുവോളം കാവലായി നിൽക്കുന്നതോ സഭാധികാരികളും. ഒരുകാര്യം ഉറപ്പിച്ചു പറയുന്നു:

സന്യാസത്തിൽ വ്രതശുദ്ധിക്കനുസൃതം വിശ്വസ്തതയോടെ ജീവിക്കുന്നവർക്ക് ഇതൊന്നും ഭാരമല്ല; ആനന്ദമാണ്. തോട്ടത്തിൽ പണിയെടുക്കുന്നതും ദേവാലയത്തിൽ പൂക്കൾ വയ്ക്കുന്നതും മൃതസംസ്കാര ശുശ്രൂഷകൾക്കു പാട്ടുകൾ പാടുന്നതും അടിമപ്പണിയാണെന്നു നിങ്ങളോട് ആരു പറഞ്ഞു?



സ്വയം വരുത്തിവയ്ക്കുന്ന അനർഥങ്ങളെ ആത്മവിമർശന വിധേയമാക്കാതെ സംവിധാനത്തിന്റെ അപചയമാണെന്നു വരുത്തിത്തീർക്കാൻ തെരുവിലിറങ്ങി ആക്രോശിക്കുന്ന നയം സന്യാസത്തിന്റേതല്ല. വിശുദ്ധിയുടെ മുഖംമൂടിയണിഞ്ഞ കള്ളനാണയങ്ങളാണ്. ക്രിസ്തു നൽകിയ ക്ഷമയുടെ പാഠംപോലും മറന്ന്, വെറുപ്പും വൈരാഗ്യവും പകയും കുത്തിനിറച്ച് നീതിക്കുവേണ്ടിയുള്ള നിലവിളിയെന്ന വ്യാജേന നിറമുള്ള കഥകൾ പൊലിപ്പിച്ചു സന്യാസജീവിതത്തെ കളങ്കപ്പെടുത്തിയവർ, തെരുവിൽ വസ്ത്രാക്ഷേപം ചെയ്തതു നൂറ്റാണ്ടുകളായി തിരുസഭയിൽ വിശുദ്ധിയുടെ അടയാളമായി ജ്വലിച്ചുനിന്ന കത്തോലിക്കാ സന്യാസജീവിതത്തെയാണെന്നു മറക്കരുത്. കാലം നിങ്ങൾക്കു മാപ്പ് നൽകട്ടെ.

കാര്യമറിയാതെ കഥാകഥനം നടത്തുന്നവർക്കും പത്രത്താളുകളിൽ അസഭ്യം പുലമ്പുന്നവർക്കും സോഷ്യൽ മീഡിയയിൽ പൊങ്കാലയിടുന്നവർക്കും വേണ്ടി പരിഭവമില്ലാതെ ഞങ്ങളിനിയും പ്രാർഥനയുടെ കരമുയർത്തും. കാരണം ക്ഷമിക്കാനും സ്നേഹിക്കാനും സേവിക്കാനും പഠിപ്പിച്ച ക്രിസ്തുവിന്റെ ശുശ്രൂഷകരാണു ഞങ്ങൾ!

(എസ്എച്ച് മാനന്തവാടി നിർമലാ പ്രോവിൻസ് അംഗവും ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപികയുമാണു ലേഖിക)

കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ

# ഇഷ അംബാനിക്ക് !

സഹോദരി ഇഷാ അംബാനി, വിവാഹ മംഗളാശംസകൾ!!! ദീർഘസുമംഗലീഭവ. ആയിരംകോടി ചിലവാക്കിയാണ് അച്ഛൻ അംബാനി നിന്നെ മണിയറയിലേക്കെത്തിച്ചതെന്ന് അറിഞ്ഞതിൽ ഞങ്ങൾ ആങ്ങളമാർക്ക് ഏറെ സന്തോഷമുണ്ട്. കാരണം ഇന്ത്യയിലെ ഓരോ മനുഷ്യന്റെയും സംഭാവനയാണ് ആ മണിയറ. പെട്രോൾ, ഡീസൽ, ഗ്യാസ് എന്നിങ്ങനെയുള്ള അവശ്യസാധനങ്ങൾക്ക് വില കയറുമ്പോഴൊക്കെ ഞങ്ങൾക്ക് അത് വലിയ ബുദ്ധിമുട്ടായി തോന്നാതിരുന്നതും നിന്നെ കെട്ടിച്ചയക്കാനുള്ള ചെലവിലേക്കുള്ളതാണെന്ന് കൂടി ഓർത്തിട്ടായിരുന്നു... ഞങ്ങൾ സാധാരണക്കാർ അമിത വില നൽകലിലൂടെ, നിന്റെ അച്ഛനും കൂട്ടർക്കും ഞങ്ങളുടെ പൊന്നുപെങ്ങളുടെ വിവാഹത്തിൽ ഒരു കുറവുമുണ്ടാകരുതെന്ന് കാണിച്ച ശാഠ്യമായിരുന്നു...

ഒരാഴ്ചയായി നീണ്ടുനിന്ന ചടങ്ങുകൾ മുഴുവൻ, വെയിലത്ത് പണിയെടുക്കുന്നതിനിടയിലും ഞങ്ങൾ സാകൂതം, പ്രാർത്ഥനയോടെ വീക്ഷിക്കുന്നുണ്ടായിരുന്നു. സ്വർണ നാണയം ചേർത്ത് വെച്ച ക്ഷണക്കത്ത് കണ്ട അന്ന് മുതൽക്ക് തുടങ്ങിയ കൗതുകവും കരുതലുമാണ് ഇന്നലെവരെ നിലനിർത്തിയത്. നീ വിവാഹത്തിന് ഉടുത്ത ആടയാഭരണങ്ങളിൽ ഇന്നാട്ടിലെ പട്ടിണിക്കാരന്റെ വിയർപ്പിന്റെ മണമുണ്ടെന്ന് ഓർമയുണ്ടാകുമല്ലോ!

കുതിരപ്പുറത്ത് വന്നിറങ്ങിയ നിന്നെയും വരനെയും നേരിട്ട് ആശിർവദിക്കാനും, കുറച്ച് പൂക്കളെങ്കിലും നിങ്ങൾക്ക് സമ്മാനിക്കാനുമൊക്കെ ആഗ്രഹമുണ്ടായിരുന്നു... പക്ഷേ, അന്നന്നത്തെ അന്നത്തിനായി പണിയെടുത്ത് ജീവിക്കുന്നതിനിടയിൽ എവിടെയാ കുട്ടീ സമയം? പക്ഷേ ഈയാഴ്ച, നാലര ലക്ഷത്തോളം വരുന്ന അച്ഛന്റെ ഗ്രാമ ഔട്ട്ലെറ്റുകളിലും ഇരുപതിനായിരത്തോളമുള്ള ടൗണിലെ കടകളിലുംവെച്ച് ചില്ലറ സാധനം വാങ്ങി ചെലവാക്കിയ തുകയിൽ കുറച്ച്, നിനക്ക് വേണ്ടി ഒരുക്കിയ പൂക്കൾക്ക് കൂടിയായിരുന്നു എന്ന സന്തോഷത്തിലാണ് ഞങ്ങൾ...

ഇരുപത്തെട്ട് കോടി ചെലവാക്കിയ മെഗാ സംഗീതനിശ വല്ലാത്തൊരു 'മിസ്' ആയിപ്പോയി... സാരമില്ല, അച്ഛന്റെ ഓഹരികളുള്ള ഏതെങ്കിലും ചാനലുകളിൽ അത് വരുന്നതിനായി ഇപ്പഴേ ഡിഷ് ടിവിക്ക് റിക്വസ്റ്റ് അയച്ചിട്ടുണ്ട്... സിനിമാ താരങ്ങളും രാഷ്ട്രീയ നേതാക്കളുമൊക്കെ പങ്കെടുത്ത് ധാന്യമാക്കിയ നിന്റെ മിന്നുകെട്ടിന് ഇനിയെന്ത് ആർഭാടമാണ് വേണ്ടത്?


നിന്റെ അച്ഛൻ നിന്നെ കൈപിടിച്ച് കൊടുത്തത്, ജ്യേഷ്ഠ സഹോദരരായ ഞങ്ങൾ ദൂരെയിരുന്നു, മാധ്യമങ്ങൾ നൽകിയ ചിത്രങ്ങൾ കണ്ട് ഹർഷപുളകിതയായിരിക്കെയാണ്... നൂറുക്കണക്കിന് വിമാനങ്ങൾ വന്നും പോയുമിരുന്നു എന്ന വാർത്തയും കണ്ട്

ഏറെ സന്തോഷിച്ചു...

ഒരു വല്യേട്ടന്റെ സ്ഥാനത്തിരുന്ന് പറയുകയാ... വൈവാഹിക ജീവിതത്തിൽ കുറെ അഡ്ജസ്റ്റ്മെന്റുകളൊക്കെ വേണ്ടി വരും, കേട്ടോ. നിസ്സാര കാര്യത്തിനൊന്നും കേറി വിവാഹമോചനമൊന്നും നടത്തിയേക്കരുത്.. അതിൽ നാണക്കേടൊന്നുമില്ലെങ്കിലും, പുതിയൊരു ചെറുക്കനെ കിട്ടാൻ ബുദ്ധിമുട്ടൊന്നുമില്ലെങ്കിലും, ഇതേ ചിലവ് വരുമ്പോൾ താഴെയുള്ള അനുജത്തിമാർക്ക്കൂടി കൊടുക്കാൻ, ഞങ്ങൾ പിന്നെയും കൂടുതൽ അധ്വാനിക്കേണ്ടിവരും. ഇതിനിടയിൽ ഞങ്ങളുടെ വീട്ടിലും, കെട്ടുപ്രായം കഴിഞ്ഞ, നിന്റെ കൂടി കുഞ്ഞനുജത്തിമാരുണ്ടെന്ന ബോധം വേണം... സമയം കിട്ടുമ്പോൾ ഇതൊക്കെ അച്ഛനെയും അറിയിക്കണം... ധന്യമായ ജീവിതം ഒരിക്കൽ കൂടി ആശംസിച്ചുകൊണ്ട്, നൂറുകോടി വരുന്ന ഈ രാജ്യത്തെ നിന്റെ സഹോദരരിൽ ഒരാൾ...

***********************************

(ഇഷ അംബാനിക്ക് ഒരു മലയാളി വൈദികന്റെ, സാമൂഹ്യമാധ്യമങ്ങളിൽ വന്ന വൈറലായ ആശംസ. വർഷങ്ങളായി ധ്യാനശുശ്രൂഷ രംഗത്തു പ്രവർത്തിക്കുന്ന ജോർജ് കാരംവേലി അച്ചനാണ് ഈ ആശംസ നേർന്നത്)



# ആണുങ്ങളുടെ സുഖം



"ഈ ആണുങ്ങൾക്ക് എന്തൊരു സുഖാല്ലേ?" ഉറങ്ങാൻ കിടക്കുമ്പോൾ ഭാര്യയുടെ സംസാരം കേട്ട് ഭർത്താവ് ഒന്നമ്പരന്നു.

"എന്തേ പ്പൊ നിനക്ക് ഇങ്ങനെ തോന്നാന്...?"

"ഒന്നൂല്ല, ഞാൻ ആലോചിക്കുകയാണ്... ഈ ലോകത്ത് ഏറെ സുഖം അനുഭവിക്കുന്നവര് നിങ്ങള് ആണുങ്ങളാണ്. ഇഷ്ടമുള്ളവരോടൊപ്പം, ഇഷ്ടമുള്ളയിടത്ത്, ഏതുനേരത്തും കൂട്ട്കൂടി കറങ്ങി നടക്കാം... ഇഷ്ടമുള്ള വസ്ത്രം ധരിക്കാം...

മുഴുവനും മറച്ചാലും ഒന്നും മറച്ചില്ലെങ്കിലും ആർക്കും ഒരു പ്രശ്നവുമില്ല. യാത്ര ചെയ്യാം... എത്ര പഠിക്കാൻ പറ്റുമോ അത്രയും പഠിക്കാം... എവിടെ പോയും പഠിക്കാം... ജോലി ചെയ്യാം...

നീ ഒരു ആൺകുട്ടിയാണെന്ന് ആരും അവനെ ഓർമ്മിപ്പിക്കില്ല. തുറിച്ചു നോക്കില്ല. വസ്ത്രം പാറിയാലോ പൊങ്ങിയാലോ ഒരൊറ്റ കുട്ടി തിരിഞ്ഞു നോക്കില്ല. ബൈക്കില് ചെത്തി നടക്കാം, ബസ്സില് കറങ്ങി നടക്കാം, ട്രെയിനില് വിലസാം, വായിനോക്കി നടക്കാം... അടിച്ചു പൊളിച്ചു അർമാദിക്കാം... പുറത്തെ കാര്യം അങ്ങനെ!!!

ഇനി വീട്ടിലോ, എന്താ സുഖം! ആൺകുട്ടി ആണെങ്കില് ഒന്നും അറിയണ്ട. രാവിലെ സുഖ സുന്ദരമായി കിടന്നുറങ്ങാം... ഭക്ഷണമുണ്ടാക്കണ്ട, പാത്രം കഴുകണ്ട, അലക്കണ്ട, ഇസ്തിരിയിടണ്ട. അടുക്കളയിൽ കേറണ്ട... തിന്നാൻ നേരം അങ്ങ് പോയി ഇരുന്നു ഉരുട്ടി വിഴുങ്ങിയാൽ മതി... കഴിച്ചിട്ട് കൂളായി എഴുന്നേറ്റു പോവാം... ഇനി വെട്ടി വിഴുങ്ങിയത് കുറച്ചു കുറഞ്ഞു പോയാൽ അമ്മയുടെ പരിഭവം. "എന്തേ മോനെ കറി ഇഷ്ടായില്ലേ? ഓംലെറ്റ് ഉാക്കിത്തരണോ? പപ്പടം പൊരിക്കണോ? വാരിത്തരണോ?" ഒന്നും പറയണ്ട!

അവൻ കോളേജ് കുമാരനാണെങ്കിലോ? പറ്റിയ പെണ്ണിന്റെ പുറകെ കൂടി കമന്റടിക്കാം. വായില് നോക്കി നടക്കാം, വില്ലത്തരങ്ങളൊപ്പിക്കാം. കാമ്പസിൽ വിലസി നടക്കാം, എത്ര പ്രായമായാലും പുര നിറഞ്ഞു നില്ക്കില്ല... അവനൊരു ഭർത്താവാവുകയാണെങ്കിലോ? പറ്റിയതിനെ പോയി കണ്ടു പിടിക്കാം. ആ പേരിൽ ഒരു പാട് പെൺകുട്ടികളെ കാണാം. അതിന്റെ പേരും പറഞ്ഞു ചായ കുടിച്ചു പെണ്ണ് കണ്ട് കണ്ടങ്ങനെ നടക്കാം... എവിടെയും സ്വീകരണം... സത്ക്കാരം... ഇനി ഒന്നിനെ കണ്ട് ഇഷ്ടപ്പെട്ടാലോ? പൊന്നും പണവും ഇങ്ങോട്ട് കിട്ടും. പോക്കറ്റ്മണി, കാറ്, സ്വർണ്ണം തുടങ്ങിയവ വേറെയും...

അവനോ വെറും കല്യാണ ചെലവു മാത്രം ഉണ്ടാക്കിയാല് മതി. ഒരു താലി മാലയും കുറച്ചു ഡ്രസ്സ്കളും...

കല്യാണം കഴിഞ്ഞാലോ? അവനു അവന്റെ വീട്ടിൽതന്നെ സുഖമായി കഴിയാം... അവന്റെ അച്ഛനോടൊപ്പം, അമ്മയോടൊപ്പം, സഹോദരൻമാരുടെ ഒപ്പം... ആരുടെ പോരെടുക്കലും സഹിക്കണ്ട.... സുഖം, പരമ സുഖം...! ഇടയ്ക്ക് പെണ്ണിന്റെ വീട്ടിലേക്കൊന്നു പോയാലോ? സത്ക്കാരം കൊണ്ട് അമ്മായിയമ്മയുടെ വീർപ്പു മുട്ടിക്കല് മോനെ, തേനേ, ചക്കരേ ഒലിപ്പിക്കല്.

ഇനി സ്വന്തം വീട്ടിലോ? ജോലിക്ക് പോകാനൊരുങ്ങുമ്പോൾ വിളിച്ചുണർത്തണം. കുളിക്കാനും ഒരുങ്ങാനും മാത്രം സമയമുള്ളപ്പോൾ എണീറ്റാൽ മതി. രാത്രി കുട്ടികൾ എഴുന്നേറ്റു കരയുന്നതോ, ഒന്ന് ലൈറ്റ് ഇടുന്നതോ പോലും കക്ഷിക്ക് സ്വൈരക്കേടാണ്... ഒന്ന് ഉറങ്ങാൻ പോലും സമ്മതിക്കില്ല എന്ന് പരാതി വേറെയും... അതിന്റെ പേരിൽ പെണ്ണിനോട് വഴക്കിടലും...

രാവിലെ, എന്റെ പാന്റ്സെവിടെ? ഷർട്ട് എവിടെ? ചീപ്പ് എവിടെ? 'ഒന്നും എവിടെ വെച്ചാലും കാണില്ല' എന്ന പ്രാക്ക് വേറെയും. ഇസ്തിരി ഇട്ടതു നന്നായിട്ടില്ലെങ്കില് അതിനു വേറെ... 'നിനക്ക് ഇവിടെ എന്ത് പണിയായുള്ളത്? മല മറിക്കുന്നുണ്ടോ? എന്ന ചോദ്യവും.

ഗർഭം ധരിക്കേണ്ട, പ്രസവിക്കേണ്ട, മക്കൾടെ അപ്പി കോരണ്ട, കരയുന്ന കുട്ടിയെ തൊട്ടിലില് പിടിച്ചുപോലും ഒന്ന് ആട്ടണ്ട... ഉറക്കമൊഴിക്കണ്ട. ഇനി അവനെ കാത്തു കാത്തിരിന്നു അവളെങ്ങാനും ഒന്ന് ഉറങ്ങിപ്പോയാലോ അതിനു വായിലുള്ളത് വേറെയും കേൾക്കണം. ഒന്നിനെ കെട്ടി അവള് പോരാ എന്ന് തോന്നിയാൽ വേറെ കെട്ടാം, തേച്ചിട്ട് പോകാം, ചതിക്കാം... വേറെ നാട്ടിൽ പോയി നല്ല പിള്ള ചമഞ്ഞ് പിന്നെയും കെട്ടാം... ഭാര്യയെങ്ങാനും മരിച്ചാലോ? നാലാംനാൾ തന്നെ പുതിയ ഒന്നിനെ കെട്ടാം... ഭാര്യ മരിച്ചാൽ കുഴിമാടത്തിലെ മണ്ണുണങ്ങും മുമ്പേ പുത്യാപ്ല...

ആണുങ്ങളെല്ലാം തികഞ്ഞവരാ.. പെണ്ണുങ്ങളെല്ലാം പോക്കും. ഒന്ന് ബോൾഡ് ആയാലോ, സ്വന്തമായി ഒന്ന് യാത്ര ചെയ്താലോ പോലും പിറുപിറുക്കൽ, കുറ്റപ്പെടുത്തൽ... ദൈവം ആദമിനെയും ഹവ്വയെയും പുറത്താക്കാൻ കാരണക്കാരി പെണ്ണാണത്രേ...! അന്നേ തുടങ്ങിയതാ എല്ലാം പെണ്ണിന്റെ തലയിലേക്ക് ചാർത്തൽ... നിങ്ങള് ഞാനീ പറയുന്നത് വല്ലതും കേൾക്കുന്നുണ്ടോ?"



അവൾ തിരിഞ്ഞു നോക്കുമ്പോൾ അനക്കമൊന്നുമില്ല, കൂർക്കം വലിക്കുന്നതുകൊണ്ട് ജീവനുണ്ട്.

– ഉസ്മാൻ ഇരിങ്ങാട്ടിരി

കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ

# ജീവിത ഗുണപാഠം

പ്രാർത്ഥനാ സമ്മേളനത്തിൽ അയാളുടെ ഫോണടിച്ചു. പ്രാർത്ഥനാ ലീഡർ പ്രസംഗം നിർത്തി അയാളെ ശകാരിച്ചു. പ്രാർത്ഥന കഴിഞ്ഞ് പ്രാർത്ഥിക്കാൻ വന്നവർ ഉപദേശിച്ചു. തിരിച്ചു വീട്ടിലേയ്ക്കു പോകുംവഴി ഇതുപോലുള്ള കാര്യങ്ങൾ നിസാരവത്കരിക്കുന്നതിന് ഭാര്യയുടെ നിരന്തരമായ ആക്രോശം വേറെ. അയാളുടെ മുഖം നാണക്കേടിൽ വാടിപ്പോയെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

പിന്നീടയാൾ പ്രാർത്ഥനയ്ക്കു പോകാൻ മടിച്ചു.

കുറ്റബോധത്തിൽ അന്ന് വൈകുന്നേരം അയാൾ ബാറിൽ കയറി കുടിക്കാൻ തീരുമാനിച്ചു. നിരാശയും കുറ്റബോധവും സങ്കടവും കാരണം അയാളുടെ കൈ വിറച്ച് ഗ്ലാസ്സ് മറിഞ്ഞ് അവിടെല്ലാം മദ്യം വീണു. വെയ്റ്റർ ഓടിവന്ന് മാപ്പു പറഞ്ഞ് നാപ്കിനുപയോഗിച്ച് അതു തുടച്ചെടുത്തു. തൂപ്പുകാരൻ കുഴപ്പമില്ലെന്നാശ്വസിപ്പിച്ച് പുഞ്ചിരിയോടെ വീണ്ടും തുടച്ചു വൃത്തിയാക്കി. അടുത്തിരുന്നവൻ സാരമില്ലെന്നു പറഞ്ഞ് ഒരു ഗ്ലാസ്സ് അയാൾക്ക് ഓഫർ ചെയ്തു. എന്നിട്ട് കെട്ടിപ്പിടിച്ചിട്ട് ചോദിച്ചു, "വിഷമിക്കേണ്ടണ്ണാ, ആരാ ഈക്കാലത്ത് തെറ്റ് ചെയ്യാത്തത്?"


പിന്നീടയാൾ എന്നും അവിടെത്തന്നെ പോയി.

()()()()()()()()()()()()()()

* <u>സാധാരണ ഗുണപാഠം</u>: എല്ലാവർക്കും കുടിക്കാൻ ഓരോ കാരണമുണ്ട്.

** <u>അനുഭവ ഗുണപാഠം</u>: പ്രാർത്ഥന പ്രാർത്ഥനയും, കുടി കുടിയുമാണ്. പ്രാർത്ഥിക്കുമ്പോൾ കുടിക്കരുത്, കുടിക്കുമ്പോൾ പ്രാർത്ഥിച്ചാൽ ചിലപ്പോൾ കുടിക്കാതിരിക്കാനാവും.

*** <u>മാനേജ്മെന്റ് ഗുണപാഠം</u>: നിങ്ങൾക്ക് വലിയ വ്യത്യാസം വരുത്താനാകും, നിങ്ങൾ ആളുകളെ എപ്രകാരം പരിഗണിക്കുന്നുവെന്ന രീതിയിൽ, പ്രത്യേകിച്ച് അവർക്ക് തെറ്റുപറ്റുമ്പോൾ.



"അവിടുത്തേയ്ക്ക്
ചുംബിക്കാവുന്നത്രയും
അരികിലാണ് നീയെന്നതിന്റെ
അടയാളമാണ് സഹനങ്ങൾ."

വിശുദ്ധ മദർ തെരേസ

# വിഷം... ശരിയാണോ?

വിഷമില്ലാത്ത 26 പച്ചക്കറികളുടെ പട്ടിക സർക്കാർ പുറത്തുവിട്ടു. നാലുവർഷം നീണ്ട ഗവേഷണങ്ങൾക്കുശേഷം സംസ്ഥാന കൃഷിവകുപ്പും വെള്ളായണി കാർഷിക സർവ്വകലാശാലയും ചേർന്നാണ് പട്ടിക പ്രസിദ്ധീകരിച്ചത്.

കഴിഞ്ഞ നാലു വർഷം 4800 ഓളം പച്ചക്കറി സാംപിളുകളുടെ പരിശോധനാ ഫലം അനുസരിച്ച് ഓരോ ഇനത്തിലും കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയ സാംപിളുകളുടെ ശതമാനം ആസ്പദമാക്കിയാണ് പട്ടിക. കീടനാശിനി 100 കോടിയിൽ ഒരു അംശം വരെ അളക്കുന്ന ഗ്യാസ് ക്രൊമറ്റോഗ്രാഫ്, ലിക്വിഡ് ക്രൊറ്റോ ഗ്രാഫ്, മാസ് സ്പെക്രോമീറ്റർ തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്തോടെയായിരുന്നു പരിശോധന.

<u>വിഷാംശം തീണ്ടാത്ത പച്ചക്കറി ഇനങ്ങൾ ഇവയാണ്?</u>

കുമ്പളം, മത്തൻ, പച്ചമാങ്ങ, ചൗചൗ, പീച്ചങ്ങ, ബ്രോക്കോളി, കാച്ചിൽ, ചേന, ഗ്രീൻപീസ്, ഉരുളക്കിഴങ്ങ്, സവാള, ബുഷ് ബീൻസ്, മധുരക്കിഴങ്ങ്, കൂമ്പ്, മരച്ചീനി, ശീമചക്ക, കൂർക്ക, ലറ്റിയൂസ്, ചതുരപ്പയർ, നേന്ത്രൻ, സുക്കിനി, ടർണിപ്പ്, ലീക്ക്, ഉള്ളി പൂവ്, ചൈനീസ് കാബേജ്.

വിഷാംശം <u>ഏറ്റവും അധികം</u> പുതിനയിലാണെന്നാണ് കണ്ടെത്തൽ - 62%. മലയാളികളുടെ ഭക്ഷണ ശീലത്തിൽ ഒന്നാമനായ പയറിൽ 45% മാണ് വിഷാംശം.


<u>എന്നും കഴിക്കുന്ന</u> പച്ചക്കറികളിൽ അടങ്ങിയിരിക്കുന്ന വിഷത്തിന്റെ അളവ് അറിയാം... മഞ്ഞ കാപ്സിക്കം (42%), മല്ലിയില (26%), ചുവന്ന കാപ്സിക്കം (25%), ബജി മുളക് (20%), ബീറ്റ് റൂട്ട് (18%), കാബേജ് വയലറ്റ് (18%), കറിവേപ്പില (17%), പച്ചമുളക് (16%), കോളിഫ്ളവർ (16%), കാരറ്റ് (15%), സാമ്പാർ മുളക് (13%), ചുവപ്പ് ചീര (12%), അമരയ്ക്ക (12%), പച്ച കാപ്സിക്കം (11%), പച്ചചീര (11%), നെല്ലിക്ക (11%), പാവയ്ക്ക (10%).

<u>10 ശതമാനത്തിൽ കുറവ് വിഷാംശമുള്ള പച്ചക്കറികൾ</u>


മുരിങ്ങയ്ക്ക 9%, പടവലം 8%, വഴുതന 8%, ബീന്സ് 7%, സാലഡ് വെള്ളരി 7%, വെള്ളരി 6%, ഇഞ്ചി 6%, വെയ്ക്ക 5%, കത്തിരി 5%, കോവക്ക 4%, തക്കാളി 4%, കാബേജ് വെള്ള 4%.

ഡോ.തോമസ്മാത്യുവിനോടോപ്പം പല്ലവിനായർ, ഡോ.തനിയ സാറ വർഗ്ഗീസ്, ബിനോയി എ. കോശി, പ്രിയ എൽ, സൂര്യമോൾ എസ്, അരുണി പി. എസ്., ശബരിനാശ് കെ എൽ, ശാൽമോൻ വി. എസ് എന്നിവരാണ് പരിശോധനയിൽ പങ്കുചേർന്നത്.

<u>സമൂഹത്തിന്റെ അറിവിലേക്കായി ഷെയർ ചെയ്യുക.</u>




**10 – 11 പേജിലെ ചോദ്യങ്ങളുടെ ഉത്തരം**




# ഈ ഉത്തരം എങ്ങനെ കിട്ടി?

| | |
|---|---|
| 7 + 3 = 41021 | 7 + 4 = 31128 |
| 8 + 3 = 51124 | 5 + 2 = 3710 |
| 5 + 4 = 1920 | 13 + 6 = 71978 |
| 9 + 6 = 31554 | 17 + 8 = 925136 |

ഉത്തരത്തിൽ, ആദ്യത്തെ അക്കം ആ സംഖ്യകൾ തമ്മിൽ കുറച്ചതും, രണ്ടാം അക്കം അവ തമ്മിൽ കൂട്ടിയതും, മൂത്താമത്തെ അക്കം അവ തമ്മിൽ ഗുണിച്ചതുമാണ്.

## തീക്കളി




## ദൈവവചനം (Cross WORD)

(12-ാം പേജിൽ)


ഉത്തരമയക്കേണ്ട വിലാസം :

Capuchin Provincialate
P.B. No 5, S.H. Mount P.O.,
Kottayam - 686 006

ത്രികോണങ്ങളുടെ എണ്ണം 35



# പാരഡൈം ഷിഫ്റ്റ്



ഉയിർപ്പിനുശേഷമാണാ അത്ഭുതം സംഭവിച്ചത്! ഞാനെന്താഗ്രഹി
ക്കുന്നുവോ അതാവാൻ അവനു കഴിയുന്നു. തോട്ടക്കാരനാകാനും
(യോഹ. 20:15), സഹയാത്രികനാകാനും (ലൂക്കാ 24:15), പിന്നെ
പ്രാതലൊരുക്കി കാത്തിരിക്കുന്ന അമ്മയെ
പ്പോലെയാകാനും... (യോഹ. 21:9)
അപ്പോഴാണവൻ ദൈവമായത്, എനിക്കുവേണ്ടി...